# അൽ ഹഖ്

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | മെയ് 2007 | PRIVATE CIRCULATION



മൂന്നാം പേജിൽ
റബ്വയിൽ വീണ്ടും ഖത്മെനുബുവ്വത്ത് സമ്മേളനം

മൂന്നാം പേജിൽ
പാക്കിസ്ഥാനിൽ അഹ്മദിയ്യാ ഖബർസ്ഥാന്റെ ചുറ്റുമതിൽ പൊളിച്ചു നീക്കി



അഞ്ചാം പേജിൽ
പ്രകാശം പരത്തുന്ന ജീവിതങ്ങൾ
(സഹാബിമാരുടെ ജീവിതാനുഭവങ്ങൾ)
ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിഖ്(റ)




അഞ്ചാം പേജിൽ
ഇന്തോനേഷ്യയിൽ അഹ്മദികൾ നിയമ പോരാട്ടം തുടരുന്നു

ഏഴാം പേജിൽ
പിന്നിട്ട നാളുകൾ
മുഹമ്മദ് സലീംസാഹിബ്, കൊടുങ്ങല്ലൂർ




# മിർസാ വസീം അഹ്മദ് സാഹിബ് നിസ്വാർത്ഥ സേവകൻ

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)**



**സാ**ഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബി തന്റെ യഥാർത്ഥ യജമാനന്റെ തിരുസന്നിധിയിൽ ഹാജരായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ സേവനങ്ങളും ത്യാഗങ്ങളും സവിശേഷഗുണങ്ങളും മുന്നിൽവെച്ചുകൊണ്ട് അദ്ദേഹത്തിനായി ചെയ്യപ്പെട്ട പ്രാർത്ഥനകൾ തീർച്ചയായും പരലോകത്ത്, അല്ലാഹുവിന്റെ തിരുസന്നിധിയിൽ അദ്ദേഹത്തിന്റെ പദവികളുടെ ഉയർച്ചയ്ക്ക് കാരണമാകും. ഇൻശാഅല്ലാഹ്.

നിസ്വാർത്ഥമായി ത്യാഗം ചെയ്യുകയും എപ്പോഴും അർപ്പണചൈതന്യത്തോടെ പ്രവൃത്തിക്കുകയും, ദരിദ്രരെ സഹായിക്കുകയും അവർക്ക് പ്രയോജനപ്പെടുകയും ജമാഅത്തിന്റെ അഭിമാനം കാത്തു സൂക്ഷിക്കുകയും ഖിലാഫത്തിൽ അനുരക്തനായിത്തീരുകയും ചെയ്ത അദ്ദേഹത്തോട് അല്ലാഹു സന്തോഷത്തോടെ പെരുമാറുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇൻശാഅല്ലാഹ്.

ദാറുൽമസീഹ് ഖാദിയാനിലുണ്ടായിരുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്താനപരമ്പരയുടെ ഒരടയാളം ഇപ്പോൾ ഇല്ലാതായിരിക്കുന്നു എന്നും കത്തുകളിൽ എഴുതിക്കാണുന്നു. ഹദ്റത്ത് സാഹിബ് സാദ മിർസാ വസിം അഹ്മദ് സാഹിബ്, ഖാദിയാനിലെ അഹ്മദികളുമായി പ്രത്യേകിച്ചും, ഇന്ത്യയിലെ അഹ്മദികളുമായി പൊതുവെയും അവർക്ക് തൃപ്തിപ്പെടുംവിധമുള്ള ബന്ധം സ്ഥാപിച്ചിരുന്നു എന്ന കാര്യം ശരിതന്നെയാണ്. പറയുന്ന കാര്യങ്ങളെ അവിടന്ന് ഗൗരവമായി അവർ കണ്ടിരുന്നു.

പാക്കിസ്ഥാനും ഇന്ത്യയും തമ്മിലുള്ള കുഴപ്പങ്ങൾ കാരണം ഒരു ദീർഘകാലം ഖലീഫയുണ്ടായിരുന്ന സ്ഥലവുമായി നേരിട്ട് ഖാദിയാന് ബന്ധമുണ്ടായിരുന്നില്ല. ഇന്നത്തെപ്പോലെ വാർത്താവിനിമയ ബന്ധങ്ങളും ഇല്ലാതിരുന്ന കാലവും ഉണ്ടായിട്ടുണ്ട്. ഉണ്ടായിരുന്നതുതന്നെ പലപ്പോഴും വിച്ഛേദിക്കപ്പെട്ടുകൊണ്ടിരുന്നു. പക്ഷേ, ദർവേശുമാർ ജമാഅത്തിനോടും ഖിലാഫത്തിനോടുമുള്ള സ്നേഹത്തിന്റേയും കൂറിന്റേയും മാതൃക അസാധാരണമായ നിലയിലാണ് കാഴ്ചവച്ചത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പൗത്രനും, ഹദ്റത്ത് മുസ്ലിഹ് മൗഊ

(ശേഷം 2-ാം പേജിൽ)

## ഹദ്റത്ത് മിയാൻ സാഹിബ് വഫാത്തായി



**ഖാദിയാൻ, ഏപ്രിൽ 30:** അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ നാസിർ അഅ്ലായും അമീർ മഖാമിയുമായ ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ് (80) വഫാത്തായി. (ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ) 29-ന് രാത്രി 9.20-ന് അമൃത്സർ ആസ്പത്രിയിലാണ് അന്ത്യമുണ്ടായത്. വാഗ്ദത്ത മസീഹ്(അ)ന്റെ പൗത്രനും മുസ്ലിഹ് മൗഊദ്(റ)ന്റെ പുത്രനുമായ അദ്ദേഹം ഇന്ത്യാവിഭജനകാലത്ത് ഖാദിയാന്റെ സംരക്ഷണ ചുമതല നൽകപ്പെട്ടാണ് ഖാദിയാനിൽ സ്ഥിരതാമസമാക്കിയത്. ജീവകാരുണ്യ പ്രവർത്തനത്തിൽ എന്നും ഈ മഹാത്മാവ് മുന്നിലായിരുന്നു. വിഭജനത്തിനു ശേഷം ഇന്ത്യയിൽ അഹ്മദിയ്യാ ജമാഅത്തിനെ സുശക്തമാക്കുന്നതിൽ ഇദ്ദേഹത്തിന്റെ നേതൃത്വം വഴി സാധിച്ചിട്ടുണ്ട്.

പാക്കിസ്ഥാൻ സ്വദേശി

(ശേഷം 3-ാം പേജിൽ)

## സേവനസജ്ജരാകാൻ ഖാദിംകൾ ശ്രദ്ധിക്കുക: മുഹമ്മദ് ഇസ്മായീൽ താഹിർ

**സ്വന്തം ലേഖകൻ**




**നിലമ്പൂർ, ഏപ്രിൽ 27:** അലസരും ബലഹീനരുമായിട്ടുള്ളവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന്നായി സേവന സജ്ജരായിരിക്കാൻ ഖാദിംകൾ സദാ തയ്യാറായിരിക്കണമെന്ന് ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ സദർ മുഹമ്മദ് ഇസ്മായീൽ താഹിർ സാഹിബ് ആഹ്വാനം ചെയ്തു. നിലമ്പൂരിൽ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ സംസ്ഥാന ഇജ്തിമായെ സംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്ഥാപനലക്ഷ്യമായി ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പ്രഖ്യാപിച്ചതും ഇതു തന്നെയാണ്. ഇജ്തിമാകൾ ഈ ലക്ഷ്യത്തിലേക്കുള്ള ഒരു കാൽവയ്പാണ്. ഇത് മുൻനിറുത്തി ഇജ്തിമാകളിൽ ഭാഗഭാക്കാകാനും സ്വയം ആത്മപരിശോധന നടത്താനും ഖാദിംകൾ തയ്യാറാകണം. നമസ്കാരം കൃത്യമായി നിലനിറുത്താനും ദുആ എന്ന ആയുധമേന്തി മുന്നേറുകയും തഖ്വയിലധിഷ്ഠിതമായ ജീവിതം നയിക്കുകയും ചെയ്യണമെന്നും അദ്ദേഹം തുടർന്നുപറഞ്ഞു.

ഇജ്തിമായിൽ ആദ്യാവസാനം പങ്കെടുക്കാനെത്തിയ സദർ സാഹിബിന് അടിയന്തിരമായി ഖാദിയാനിലേക്ക് തന്നെ തിരിച്ചു പോകേണ്ടിവന്നതിനാൽ പ്രസംഗം റെക്കോർഡ് ചെയ്ത് കാണിക്കുകയായിരുന്നു. മൗലവി മുഹമ്മദ് ശരീഫ് സാഹിബ് പരിഭാഷപ്പെടുത്തി.

## മൗലാനാ മുഹമ്മദ് ഉമർ സാഹിബ് നാസിർ ഇസ്‌ലാഹോ ഇർശാദ്

**ലണ്ടൻ, മെയ് 10:** കേരള ചീഫ് മിഷനറിയും കോ-ഓർഡിനേറ്ററുമായ മൗലാനാ മുഹമ്മദ് ഉമർ സാഹിബിനെ ഇസ്ലാഹോ ഇർശാദ് അഖിലേന്ത്യാ അധ്യക്ഷനായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) നിയമിച്ചു. മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് നാസിർ അഅ്ലാ ആയപ്പോൾ ഉണ്ടായ ഒഴിവിലാണ് നിയമനം.



കണ്ണൂർ സ്വദേശിയായ ഇദ്ദേഹം 1954-ലെ ഖാദിയാൻ ജൽസാവേളയിലാണ് മുബല്ലിഗ് കോഴ്സിന് ചേരുന്നത്. 1961-ൽ എച്ച്.എ. ബിരുദം നേടിയ ഉമർസാഹിബിന്റെ ആദ്യനിയമനം ഖാദിയാനിലെ മദ്രസ അഹ്മദിയ്യാ അദ്ധ്യാപകനായിട്ടാണ്. 1962-67 കാലഘട്ടത്തിൽ ഹൈദരാബാദിലും 68-69-ൽ ബോംബെയിലും ചീഫ് മിഷനറിയായി സേവനമനുഷ്ഠിച്ചു. 1970 മുതൽ 1990 വരെ ഇരുപത് വർഷക്കാലം തമിഴ്നാട് ചീഫ് മിഷനറിയായി പ്രവർത്തിച്ചു. 1990-ലാണ് കേരളത്തിൽ നിയമിതനാകുന്നത്. ഇതിനിടയിൽ 1999-ൽ ഒരു വർഷം ഫലസ്തീനിലേക്ക് മിഷനറിയായി ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) നിയമിച്ചിരുന്നു. 1978 മുതൽ 2000 വരെ ഓരോ വർഷവും ഈരണ്ടുമാസം ശ്രീലങ്കയിൽ സേവനമനുഷ്ഠിക്കുകയുണ്ടായി. 1995-ൽ രണ്ട് മാസം ഗൾഫ് പര്യ

(ശേഷം 2-ാം പേജിൽ)

## മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബിനെ നാസിർ അഅ്ലായായി നിയമിച്ചു

**ലണ്ടൻ, മെയ് 10:** ഹദ്റത്ത് മിയാൻ സാഹിബിന്റെ വഫാത്ത് കാരണമായി ഒഴിവുവന്ന അഖിലേന്ത്യാ നാസിർ അഅ്ലാ സ്ഥാനത്തേക്ക് മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബിനെ ഹുസൂർ നിയമിച്ചു. ഇസ്ലാഹോ ഇർശാദ് നാസിറായി പ്രവർത്തിച്ചുവരികയായിരുന്നു. അമീർ മഖാമിയായും ഇദ്ദേഹത്തെതന്നെ നിയമിച്ചിട്ടുണ്ട്. ദീർഘകാലമായി ഇസ്ലാഹോ ഇർശാദ് നാസിർ ആയി പ്രവർത്തിച്ചുവരുന്ന ഗോറി സാഹിബ് പലതവണ കേരളം സന്ദർശിച്ചിട്ടുണ്ട്. മജ്ലിസ് അൻസാറുള്ളാ സദ്ർ ആയും പ്രവർത്തിച്ച ഇദ്ദേഹം കുറേ വർഷമായി മജ്ലിസ് ശൂറാ സെക്രട്ടറിയാണ്.



ഇതോടൊപ്പം സലിഹ് മുഹമ്മദ് അലാഹ്ദീൻ സാഹിബിനെ സദർ അഞ്ചുമൻ അഹ്മദിയ്യായുടെ സദറായും ആരിഫ് മുഹമ്മദ് സാഹിബിനെ നായിബ് അമീർ മഖാമിയായും മൗലാനാ മുഹമ്മദ് ഉമർ സാഹിബിനെ നാസിർ ഇസ്ലാഹോ ഇർശാദായും നിയമിച്ചിട്ടുണ്ട്.

# നബികീർത്തന യോഗം

**കടലായി, മെയ് 9:** കടലായി ലജ്നാ ഇമായില്ലായുടെ ആഭിമുഖ്യത്തിൽ കടലായി മസ്ജിദിൽ നബികീർത്തനയോഗം നടത്തപ്പെട്ടു. ലജ്നാ ഇമായില്ലാ സംസ്ഥാന സദ്ർ അമത്തുൽ ഹഫീസ് ബീഗം സാഹിബ യോഗം ഉദ്ഘാടനം ചെയ്തു. ജുവൈരിയ ഗൗഹർ സാഹിബ, ഇ.വി. അസറ സാഹിബ എന്നിവർ നബികീർത്തന പ്രഭാഷണങ്ങൾ നടത്തി. കണ്ണൂർ മേഖലാ നാസിറാത്ത് സെക്രട്ടറി ഇ.വി. സറീന സാഹിബ, സംസ്ഥാന നാഇബ് സദർ ബി. താഹിറ സാഹിബ, കണ്ണൂർ മേഖലാ ലജ്ന സെക്രട്ടറി ബി.വഹീദ സലീം സാഹിബ, കണ്ണൂർ സിറ്റി ലജ്ന പ്രസിഡന്റ് ടി. റശീദ ഗഫൂർ സാഹിബ, കൂടാളി ലജ്ന പ്രസിഡന്റ് മശൂറ നസീർ സാഹിബ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. കടലായി ലജ്ന പ്രസിഡന്റ് ബുശ്റ മാലിക്ക് സാഹിബ അധ്യക്ഷയായിരുന്നു. മുഹ്സിന ആശിഖ് സാഹിബ ഖുർആൻ പാരായണം നടത്തി. പി. ശർമിന സാഹിബ പദ്യം ചൊല്ലി. ഫെമിന മാലിക് സാഹിബ സ്വാഗതവും, പി. ശാക്കിറ സാഹിബ നന്ദിയും പറഞ്ഞു.

ലജ്ന ചടങ്ങുകൾ അവസാനിച്ചതിനുശേഷം മൗലാനാ മുഹമ്മദ് ഉമർ സാഹിബ് ലജ്ന അംഗങ്ങളെ അഭിസംബോധന ചെയ്യുകയുണ്ടായി. ആഗോളാടിസ്ഥാനത്തിലുള്ള ഏക മഹിളാ സംഘടന ലജ്ന ഇമായില്ലായാണെന്നും ലജ്നാംഗങ്ങൾ അഭിമാനപൂർവ്വം അതിനെ ഓർക്കുകയും അതനുസരിച്ച് വിനയാന്വിതരായി പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഒരു ജമാഅത്തിലെ ലജ്ന വിഭാഗം സുശക്തമായാൽ ആ ജമാഅത്ത് മുഴുവൻ സുശക്തമാകുമെന്നും അല്ലാഹു നൽകിയ ഏറ്റവും വലിയ അനുഗ്രഹമാണ് അഹ്മദിയ്യത്തെന്നും അദ്ദേഹം പറഞ്ഞു.

# കണ്ണൂർ സിറ്റി മജ്‌ലിസിനും കണ്ണൂർ മേഖലക്കും ചാമ്പ്യൻഷിപ്പ്



**നിലമ്പൂർ:** ഏപ്രിൽ 27,28 തിയ്യതികളിലായി നിലമ്പൂരിൽ നടത്തിയ ഖുദ്ദാം അത്ഫാൽ സംസ്ഥാന ഇജ്തിമായിൽ മജ്‌ലിസ് അടിസ്ഥാനത്തിൽ കണ്ണൂർ സിറ്റി മജ്‌ലിസ് ഒന്നാം സ്ഥാനത്തെത്തി. അത്ഫാൽ– ഖുദ്ദാം ജനറൽ ക്വിസ്, ചുമർ പത്രിക, പ്രബന്ധം എന്നിവയിൽ ഒന്നാം സ്ഥാനവും കയ്യെഴുത്ത് മാസികയിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിക്കൊണ്ടാണ് സിറ്റി ചാമ്പ്യൻഷിപ്പ് തിരിച്ചുപിടിച്ചത്. പഴയങ്ങാടി മജ്‌ലിസിനാണ് രണ്ടാം സ്ഥാനം. മാത്തോട്ടം മജ്‌ലിസ് മൂന്നാം സ്ഥാനത്തിന്നർഹരായി.

മേഖലാടിസ്ഥാനത്തിൽ കണ്ണൂർ മേഖല ഒന്നാം സ്ഥാനവും കോഴിക്കോട്, മലപ്പുറം മേഖലകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി.

# പാലക്കാട് മേഖലാ ഇജ്തിമ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ പാലക്കാട് മേഖല അത്ഫാൽ, ഖുദ്ദാം സംയുക്ത ഇജ്തിമ 22.04.07 ഞായറാഴ്ച കാവശ്ശേരി മസ്ജിദിൽവെച്ച് നടത്തി. പാലക്കാട് ജില്ലാ ഖാഇദ് ബാസിത്ത് മുസ്‌ലിം സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന ഇജ്തിമ പാലക്കാട് തൃശ്ശൂർ മേഖല അമീർ ജനാബ് അബ്ദുൽ കരീം സാഹിബ് ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസത്തിന് ഊന്നൽനല്കി ഹുസൂർ തിരുമനസ്സിന്റെ ആഗ്രഹം പൂർത്തീകരിച്ച് ഉയർന്ന മാർക്ക് കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണെന്ന് അദ്ദേഹം വിദ്യാർത്ഥികളെ ആഹ്വാനം ചെയ്തു. കൂടുതൽ സമയം വായിക്കുന്നവരായിക്കൊണ്ട് ഇസ്‌ലാമിനുവേണ്ടി ബുദ്ധിപരമായും, മറ്റെല്ലാവിധത്തിലും ത്യാഗങ്ങൾ ചെയ്യാൻ സാധിക്കുന്നവരാകാനും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

സുലൈമാൻ സാഹിബ് കാവശ്ശേരി ആശംസയർപ്പിച്ചു. മുസമ്മിൽ അഹ്മദ് മണ്ണാർക്കാട് ഖുർആൻ പാരായണവും താരിഖ് അഹ്മദ് പദ്യവും പാരായണം ചെയ്തു. ജനാബ് നാസിർ അഹ്മദ് സാഹിബ് ചേലക്കര സ്വാഗതവും ഗുലാം അഹ്മദ് കാവശ്ശേരി നന്ദിയും പറഞ്ഞു. നൂറിലേറെ ഖാദിംകളും, അത്ഫാലുകളും പങ്കെടുത്തു. മത്സരപരിപാടികളിൽ നോർത്ത് ഇലാഖ നായിബ് ഖാഇദ് ഉണ്ണീൻസാഹിബ് അധ്യക്ഷനായിരുന്നു. കെ. നാസിർ മൗലവി ചേലക്കര സമ്മാനദാനം നിർവ്വഹിച്ചു. വൈകുന്നേരം 5.30ന് ദുആയോടുകൂടി പരിപാടികൾ സമാപിച്ചു.

*(1-ാം പേജിൽനിന്ന്)*

ടനവും നടത്തി.

1971 മുതൽ 90 വരെ തമിഴ്നാട്ടിലെ അഹ്മദിയ്യാ പ്രസിദ്ധീകരണമായ സമാധാനവഴിയുടെ എഡിറ്ററായിരുന്നു. വിശുദ്ധഖുർആൻ തമിഴ് പരിഭാഷയുടെ ബോർഡ് മെമ്പറായും പ്രവർത്തിച്ചിട്ടുണ്ട്. വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങളായ ഇസ്‌ലാംമത തത്വജ്ഞാനം, ലക്ചർ ലാഹോർ, മൈത്രീസന്ദേശം എന്നിവ ഉൾപ്പെടെ നിരവധി ഗ്രന്ഥങ്ങൾ തമിഴിൽ പരിഭാഷപ്പെടുത്താൻ ഇദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. കുറഞ്ഞകാലം 'സത്യദൂതൻ' എഡിറ്ററായിരുന്ന ഉമർസാഹിബ് 2000വരെ ഹുസൂറിന്റെ ഖുത്‌ബ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിക്കൊണ്ടിരുന്നു. ഈസാനബിയുടെ മരണം, ഇമാം മഹ്ദി വെളിപ്പെട്ടു എന്നിവ മുഹമ്മദ് ഉമർസാഹിബിന്റെ മലയാള കൃതികളിൽ പ്രധാനപ്പെട്ടവയാണ്.

കണ്ണൂർ സിറ്റി ജമാഅത്തിലൂടെ വളർന്ന മൗലാനാ മുഹമ്മ് ഉമർ സാഹിബ് ഇപ്പോൾ കോഴിക്കോട്ടാണ് സ്ഥിരതാമസം. കേരളത്തിൽ പ്രവർത്തിക്കുന്ന ഒരു മിഷനറിയെ കേന്ദ്രത്തിലെ ഒരു നാസിറായി നിയമിക്കുന്നത് ഇതാദ്യമാണ്.

# അച്ചടക്കം, അനുസരണം, കൂട്ടായ്മ എന്നിവ കാത്തുസൂക്ഷിക്കുക: മൗലാനാ മുഹമ്മദ് ഉമർ സാഹിബ്



**നിലമ്പൂർ, ഏപ്രിൽ 27:** അഹ്മദീയുവാക്കൾക്കും ഇതര യുവാക്കൾക്കും പ്രത്യക്ഷത്തിൽ തന്നെയുള്ള മൂന്ന് വ്യത്യാസങ്ങളാണ് അച്ചടക്കം, അനുസരണം, കൂട്ടായ്മ എന്നിവയെന്നും അത് കാത്തുസൂക്ഷിക്കാൻ മുഴുവൻ ഖാദിംകളും തയ്യാറാകണമെന്നും കേരള അഹ്മദിയ്യാ മുസ്‌ലിം ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് ആഹ്വാനം ചെയ്തു. ഖുദ്ദാം, അത്ഫാൽ സംയുക്ത സംസ്ഥാന ഇജ്തിമായുടെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു. അദ്ദേഹം. അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിനും അത് നിലനിറുത്തുന്നതിനും ദുആ മുറുകെ പിടിക്കണമെന്നും ഊർജ്ജ്വസ്വലതയോടും കൂട്ടായ്മയോടും ഖാദിംകൾ പ്രവർത്തിക്കണമെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ചലനാത്മകമായ അവസ്ഥയും കൂട്ടായ്മയും സത്യവിശ്വാസികളുടെ ജമാഅത്തിന്റെ സവിശേഷതയാണ്. വാഗ്ദത്ത മഹ്ദീ മസീഹിന്റെ ജമാഅത്തായ അഹ്മദിയ്യാ ജമാഅത്തിലും ഇവ ഉണ്ടാകണം. അതിന് ഏറ്റവും കൂടുതലായി പ്രവർത്തിക്കേണ്ടത് യുവാക്കളാണ്. അതിനുള്ള ആർജ്ജവം ഇത്തരം ഇജ്തിമാകളിലൂടെ ലഭ്യമാകട്ടെയെന്ന് അദ്ദേഹം ആശംസിച്ചു.

ഉദ്ഘാടനചടങ്ങിൽ മലപ്പുറം മേഖലാ അമീർ മുഹമ്മദലി മാസ്റ്റർ സാഹിബ് അധ്യക്ഷനായിരുന്നു. നോർത്ത് ഇലാഖ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ്, മേഖലാ അമീർമാരായ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ്, എം.എ. മുഹമ്മദ് സാഹിബ്, പ്രൊഫ. അബ്ദുൽ കരീം സാഹിബ് എന്നിവർ സംസാരിച്ചു. സാബിത് അഹ്മദ് സാഹിബ് ഖുർആൻ പാരായണവും ഷാജഹാൻ അലി സാഹിബ് പദ്യപാരായണവും നടത്തി. സൗത്ത് ഇലാഖ ഖാഇദ് ടി.കെ. അബൂബക്കർ സാഹിബ് സത്യവാചകം ചൊല്ലിക്കൊടുത്തു.

*(ഒന്നാം പേജിൽ നിന്ന്)*

ദ്(റ)ന്റെ മകനും തങ്ങളുടെ ഇടയിലുണ്ടെന്നത് അവർക്ക് സമാധാനം നല്കിയിരുന്നു. ഈ മകനും ഖിലാഫത്തിനോടുള്ള സ്നേഹവും വ്യവസ്ഥിതിയോടുള്ള അനുസരണവും അമീറിനെ അനുസരിച്ചുകൊണ്ടുള്ള മാതൃകയും തന്റെ പ്രവർത്തനത്തിലൂടെ കാണിച്ചുകൊണ്ട് എപ്പോഴും, ജമാഅത്തും ഖിലാഫത്തുമാണ് സർവ്വവും എന്ന ബോധം ജമാഅത്തംഗങ്ങളിൽ ഉണ്ടാക്കിത്തീർത്തു. അതുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നാൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരുമെന്ന് അവരെ ഉപദേശിച്ചു.

ഏകദേശം 30 വർഷം അവിടന്ന് ഹദ്റത്ത് മൗലവി അബ്ദുർ റഹ്മാൻ സാഹിബ് ജട്ടിന്റെ ഇമാറത്തുകാലത്ത് അങ്ങേയറ്റം വിനയത്തോടും ആത്മാർത്ഥതയോടുംകൂടി ഒരു സാധാരണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ തന്നിലർപ്പിതമായ ജോലി നിർവ്വഹിച്ചു. പിന്നീട് 1977 -ൽ ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) അദ്ദേഹത്തെ നാസിർ അഅ്‌ലായും അമീർ മഖാമി ഖാദിയാനുമായി നിയമിച്ചു. ഈ സുപ്രധാന ചുമതലയും വളരെ നല്ലവണ്ണം അദ്ദേഹം നിറവേറ്റി. ദർവേശായിക്കൊണ്ട് ഖാദിയാനിൽ പോവുകയും ദർവേശിന്റെ നിലയിൽ തന്നെ ജീവിക്കുകയും ചെയ്തു. താൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പൗത്രനാണെന്ന് കരുതിയില്ല.

21-ാം വയസ്സിൽ 'ദിയാരെ മസീഹിന്റെ' സംരക്ഷണത്തിന്നായി അയക്കപ്പെട്ട ആ യുവാവ്, ഭൗതികാടിസ്ഥാനത്തിൽ നോക്കിയാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) കാരണത്താൽ, ഖാദിയാനിലെ പൈതൃകമായ സ്വത്തിന്റെ ഉടമസ്ഥനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് കാലത്തിന്റെ ഖലീഫയായിരുന്നു. പിതാവ് മകനോട് പറഞ്ഞു: "നിന്റെ ഖാദിയാനിലുള്ള താമസം ഖാദിയാനിലെ ദർവേശുമാരുടെ ധൈര്യം ഉയരുന്നതിന് കാരണമായിത്തീരും. നിന്റെ സാന്നിധ്യം അവിടെ അനിവാര്യമാണ്." അമീറിന്റെ അനുസരണത്തിൽനിന്ന് വെളിയിൽ താമസിക്കണം എന്ന വിചാരം മിയാസാഹിബിന് ഉണ്ടായതേയില്ല. എന്നല്ല അത് അമീറിനെ അനുസരിച്ചുകൊണ്ടുള്ള തന്റെ മാതൃകയും ഉന്നതമായ നിലയിൽ താൻ കാഴ്ചവയ്ക്കണമെന്ന വിചാരം കൂടുതലായി ഉണ്ടാക്കുകയാണ് ചെയ്തത്. ഓരോ ദർവേശുമാരും തന്നെ കണ്ടുകൊണ്ട് ആദ്യത്തേക്കാൾ കൂടുതൽ അമീറിനെ അനുസരിക്കുന്നതിൽ മാതൃക കാണിക്കുന്നതിനു വേണ്ടിയായിരുന്നു അത്.

ചെറിയ ചെറിയ കാര്യങ്ങളിൽ സമയം പാഴക്കിക്കളയരുതെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ജമാഅത്തിന്റേയും അഭിമാനം നിലനിറുത്തേണ്ടതാണെന്നുമുള്ള കാര്യങ്ങളെല്ലാം ഹദ്റത്ത് സാഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബ് തന്റെ ചുമതലയായെടുത്തു. അതനുസരിച്ച് പ്രവർത്തിക്കുകയും നല്ലവണ്ണം നിറവേറ്റുകയും ചെയ്തു.

അക്കാലത്ത് കാര്യങ്ങളെല്ലാം അങ്ങേയറ്റം വഷളായിരുന്നു. എത്രമാത്രമെന്നാൽ, ഖാദിയാനിൽ വസിക്കുന്നവരെ സംബന്ധിച്ച് സംശയദൃഷ്ടിയോടെയാണ് ഭരണാധികാരികൾ നോക്കിക്കണ്ടിരുന്നത്. പാക്കിസ്ഥാനിൽനിന്ന് ഇന്ത്യയിലേക്ക് വരുന്നവരും ഹിന്ദുക്കളും സിക്കുകാരും മറ്റുള്ളവരും വളരെ ശത്രുതാമനോഭാവത്തോടെയാണ് അവരെ കണ്ടിരുന്നത്. സാഹചര്യം കിട്ടിയാൽ അവരെ നശിപ്പിക്കണം എന്ന ശ്രമത്തിലായിരുന്നു അവർ. അന്ന് വെളിയിൽനിന്ന് ഖാദിയാനിലേക്ക് ഭക്ഷണസാധനങ്ങൾ കൊണ്ടുവരുന്നതും നിലച്ചിരുന്നു. സൂക്ഷിച്ചുവെച്ചിരുന്ന കുറച്ചു സാധനങ്ങളാണ് ഉപയോഗിച്ചിരുന്നത്. അന്തരീക്ഷവും അങ്ങേയറ്റം ഭീകരമായിരുന്നു. ശതക്കണക്കിന് മാത്രമുണ്ടായിരുന്ന ഖാദിയാൻ വാസികൾക്ക്, വാസ്തവത്തിൽ 'വാദിൻ ഗയ്‌രി ദീ സർഇൻ'– അകൃഷ്ടമായ ഒരു താഴ്വര– തന്നെയായിരുന്നു അന്ന് ഖാദിയാൻ. പിന്നീട് മെല്ലെ, മെല്ലെ സാഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബിന്റേയും മറ്റ് ദർവേശുമാരുടേയും പരിശ്രമവും പ്രാർത്ഥനയും കാലത്തിന്റെ ഖലീഫയുടെ ദുആയും ജമാഅത്തിന്റെ ദുആയും അതിന്റെ ഫലം കാണിക്കാൻ തുടങ്ങി. ചുറ്റുപാടുള്ളവരുമായി ബന്ധങ്ങൾ വളർന്നു. അവരുടെ ഹൃദയവും അലിയാൻ തുടങ്ങി.

സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഭൂസ്വത്തുക്കൾ തിരിച്ചുവാങ്ങുന്നതിനുവേണ്ടി ഹദ്റത്ത് മിയാൻ വസിം അഹ്മദ് സാഹിബ് ചെയ്ത സേവനങ്ങൾ വളരെ വ്യക്തമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കുടുംബാംഗവും അവിടത്തെ പൗത്രനും ആയ കാരണത്താൽ സർക്കാർ അഞ്ചുമന്റെ സ്വത്തുക്കൾ ജമാഅത്തിന് തിരിച്ചുനല്കി. ഇല്ലെങ്കിൽ പല തന്ത്രങ്ങളും അവർക്ക് മെനഞ്ഞെടുക്കാമായിരുന്നു. ഇതിനായി അവിടന്ന് വലിയ വലിയ ഓഫീസർമാരുമായി ബന്ധപ്പെട്ടു. എന്നല്ല അക്കാലത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽനെഹ്റുവുമായും ബന്ധപ്പെട്ടിരുന്നു. അല്ലാഹു അതിൽ അനുഗ്രഹം ചൊരിയുകയും നല്ല ഫലം കാണുകയും ചെയ്തു.

1971-ൽ ഇരുരാജ്യങ്ങളുടേയും അവസ്ഥ വീണ്ടും വഷളായി. ചില ഓഫീസർമാർ ഖാദിയാനിലെ അഹ്മദികളെ ബലാൽക്കാരമായി അവിടെ നിന്ന് ഒഴിപ്പിക്കാൻ ശ്രമിച്ചു. കീഴുദ്യോഗസ്ഥന്മാരായിരുന്നു ഈ കല്പന പുറപ്പെടുവിച്ചിരുന്നത്; 'നിങ്ങളെ സംരക്ഷിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു' എന്ന തന്ത്രമാണ് അവർ ആവിഷ്കരിച്ചത്. തങ്ങൾക്ക് ഖാദിയാനിൽ

*(ശേഷം 3-ാം പേജിൽ)*

# പാക്കിസ്ഥാനിൽ അഹ്മദിയ്യാ ഖബർസ്ഥാന്റെ ചുറ്റുമതിൽ പൊളിച്ചുനീക്കി

**വാഗ (പാക്കിസ്ഥാൻ):** ജില്ലാ ഭരണകൂടത്തിന്റേയും വാഗ ടൗൺ അധികാരികളുടേയും നിർദ്ദേശാനുസരണം വൻപോലീസ് സംഘത്തിന്റെ അകമ്പടിയോടെ അഹ്മദിയ്യാ ജമാഅത്തിന്റെ വക ഖബർസ്ഥാന്റെ ചുറ്റു മതിൽ ഇടിച്ചു നിരത്തി. നിയമാനുസൃതം അഹ്മദിയ്യാ ജമാഅത്ത് വാങ്ങിയ ആറ് ഏക്കർ ഭൂമിയുടെ ചുറ്റുമതിലാണ് പൊളിച്ചുമാറ്റിയത്. അഞ്ച് ബസ്സുകളിലായെത്തിച്ചേർന്ന പോലീസ് സേനയുടെ നേതൃത്വത്തിൽ 20 മിനുട്ടുകൊണ്ടാണ് മതിൽ നിരപ്പാക്കിയത്. അധികാരികളിൽനിന്നും അനുമതി വാങ്ങാതെ നിയമവിരുദ്ധമായാണ് നിർമ്മാണം നടത്തിയതെന്നാണ് ജില്ലാഭരണകൂടം പറയുന്നത്. എന്നാൽ, ഏതാനും മുല്ലമാരുടെ കൈകളാണ് ഈ പ്രവൃത്തിയുടെ പിന്നിലുള്ളതെന്ന് പ്രദേശത്തെ അഹ്മദികൾ പറഞ്ഞു. വാഗ ടൗണിൽ മറ്റൊരു റബ്വ പണിയാനുള്ള നീക്കമാണ് അഹ്മദികൾ നടത്തുന്നതെന്നും ഇന്ത്യയുടെ അതിർത്തിപ്രദേശമായ ഖാദിയാന് സമീപത്തായി പാക്കിസ്ഥാന്റെ അതിർത്തിപ്രദേശത്ത് മറ്റൊരു കേന്ദ്രം പണിതുയർത്താനുള്ള ശ്രമമാണ് അഹ്മദികൾ നടത്തുന്നതെന്നും ആരോപിച്ചാണ് മുല്ലമാർ ഈ പ്രവർത്തനത്തിന് ചുക്കാൻ പിടിച്ചത്. ഇതിനായി നിരവധി മത സംഘടനകൾ പ്രകോപനപരമായ ബാനറുകൾ ഉയർത്തുകയും മുല്ലമാർ



(ശേഷം 4-ാം പേജിൽ)

# കേംബ്രിഡ്ജിൽ മാപ്പപേക്ഷ

**ലണ്ടൻ :** കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ വിവാദപരമായ മാഗസിൻ പ്രസിദ്ധീകരിച്ച വിദ്യാർത്ഥി മാപ്പു പറഞ്ഞു. ഇസ്ലാമിനെ അപഹസിക്കുന്ന ചില പരാമർശങ്ങളും കുപ്രസിദ്ധമായ ഡെന്മാർക്ക് കാർട്ടൂണും അടങ്ങിയതായിരുന്നു മാഗസിൻ. ഈ മാഗസിൻ പ്രസിദ്ധീകരിക്കാൻ നേതൃത്വം നൽകിയ വിദ്യാർത്ഥിക്കെതിരെ അച്ചടക്ക നടപടിയെടുക്കാനും യൂണിവേഴ്സിറ്റി തീരുമാനിച്ചുകഴിഞ്ഞു.

കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ക്ലേയർ കോളജിലെ രണ്ടാം വർഷ ബിരുദവിദ്യാർത്ഥിയാണ് ഈ മാഗസിന്റെ ശില്പി. മാഗസിൻ വിവാദമുണ്ടാക്കിയതോടെ ഇയാളെ സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റി താമസിപ്പിച്ചു. കൂടാതെ ഈ വിദ്യാർത്ഥിയുടെ പേരോ മറ്റു വിവരങ്ങളോ പുറത്തുവിട്ടിട്ടുമില്ല. മുസ്ലിംവിദ്യാർത്ഥികൾ പ്രതിഷേധം അറിയിച്ചപ്പോൾ യൂണിവേഴ്സിറ്റി അന്വേഷണത്തിന് ഉത്തരവിടുകയായിരുന്നു. തൽഫലമായി മാഗസിന്റെ ശില്പിയായ വിദ്യാർത്ഥി ഒരു മാപ്പപേക്ഷ പ്രസിദ്ധപ്പെടുത്തുകയായിരുന്നു. കോളജ് വക്താവും പിന്നീട് ഇതേ സ്വരത്തിൽ ക്ഷമാപണം നടത്തി. സംഭവത്തെക്കുറിച്ച് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾക്കായുള്ള ഡീൽ അന്വേഷണം നടത്തുകയാണ്.

വിദ്യാർത്ഥിക്കെതിരെ നടപടിയെടുക്കുകയും ക്ഷമാപണം നടത്തുകയും ചെയ്ത യൂണിവേഴ്സിറ്റി അധികൃതകരുടെ നടപടിയെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി അഹ്മദിയ്യാ മുസ്ലിം അസോസിയേഷൻ സ്വാഗതം ചെയ്തു. അസോസിയേഷൻ പ്രസിഡന്റ് അസിം മുംതാസ് ഇങ്ങനെ പറഞ്ഞു "ദൈവം നമ്മെ പഠിപ്പിച്ചത് എല്ലാവരോടും പൊറുത്തു കൊടുക്കാനാണ്. തെറ്റ് മനസ്സിലാക്കി ക്ഷമാപണം നടത്തിയ വിദ്യാർത്ഥിയോട് നമ്മളും ക്ഷമിക്കുക.''

# റബ്വയിൽ വീണ്ടും ഖത്മെനുബുവ്വത്ത് സമ്മേളനം

**റബ്വ, ഏപ്രിൽ 1:** അഹ്മദിയ്യാ വിരുദ്ധ കക്ഷികൾ റബ്വയെ വീണ്ടുമൊരിക്കൽകൂടി തങ്ങളുടെ കുറിമാനമാക്കുന്നു. കുപ്രസിദ്ധ അഹ്റാർ കക്ഷിയാണ് വീണ്ടും നബികീർത്തന യോഗമെന്ന ലേബലിൽ റബ്വയിൽ രണ്ടുദിന സമ്മേളനം നടത്തിയത്. ഇതിനായി റബ്വ പട്ടണത്തിലൂടെ ഒരു പ്രകടനവും നടത്തുകയുണ്ടായി. പക്ഷേ, ഈ സമ്മേളനങ്ങളിൽ പ്രസംഗിച്ചവരെല്ലാവരും നബികീർത്തനം നടത്തുന്നതിനുപകരം ജമാഅത്തിനെതിരായാണ് സംസാരിച്ചത്. അന്താരാഷ്ട്രതലത്തിൽ കുഫ്റ് ഫത്വ പുറപ്പെടുവിക്കാനുള്ള പ്രവർത്തനം തുടങ്ങിക്കഴിഞ്ഞെന്നും മറ്റും അവർ പറയുകയുണ്ടായി. പ്രവാചക പരിസമാപ്തിയിൽ സംശയം പ്രകടിപ്പിക്കുന്നവർ ഇസ്ലാമിന് പുറത്താണെന്നും ഖാദിയാനികൾ ഒരു കള്ളപ്രവാചകനിൽ വിശ്വസിക്കുന്നവരാണെന്നും അവർ പ്രസംഗമദ്ധ്യേ പറയുകയുണ്ടായി. "പ്രവാചക പരിസമാപ്തി വിശ്വാസം" സംരക്ഷിക്കുന്നതിന്നായി 1953-ലെ രക്തസാക്ഷികളുടെ പിന്തുണയോടെ പ്രവർത്തിക്കുന്നതാണെന്നും പക്ഷെ അവർ വിദേശികളായ അഹ്മദികൾ ഹ്യൂമാനിറ്റി ഫസ്റ്റ് എന്ന ലേബലിൽ രാഷ്ട്രസുരക്ഷയ്ക്ക് ഭീഷണിയായി പ്രവർത്തിക്കുന്നുണ്ടെന്നും കൂടി കൂട്ടിച്ചേർത്തു. ഖാദിയാനികളെ പാക്കിസ്ഥാൻ രാഷ്ട്രീയത്തിൽ വാഴിക്കുന്നതിന്നായി ദേശീയ, അന്തർദ്ദേശീയ ശക്തികൾ ശ്രമിച്ചുവരികയാണെന്നും അതിന് അനുവദിക്കുകയില്ലെന്നും സംഘാടകർ പറഞ്ഞു. നക്ഷത്രചിഹ്നമുള്ള ചുവന്ന കൊടിയും ചുവന്ന ഷർട്ടും ധരിച്ചാണ് പ്രകടനം റബ്വ പട്ടണത്തിലൂടെ കടന്നുപോയത്. സമ്മേളനത്തിനൊടുവിൽ നബികീർത്തന സംഘാടകർ ഒരു പ്രമേയം

(ശേഷം 4-ാം പേജിൽ)

# ബോംബ് സ്ഫോടനത്തിന് പിന്നിൽ അൽഖ്വയ്ദയുടെ പങ്ക് ബംഗ്ലാദേശ് അന്വേഷിക്കുന്നു

**ധാക്ക:** ബംഗ്ലാദേശിൽ അടുത്തിടെ ഒരേ സമയത്ത് വ്യത്യസ്ത സ്ഥലങ്ങളിലുണ്ടായ ബോംബ്സ്ഫോടനങ്ങളുടെ പിന്നിൽ അൽഖ്വയ്ദയ്ക്ക് പങ്കുണ്ടോയെന്ന കാര്യം ബംഗ്ലാദേശ് സർക്കാർ അന്വേഷിച്ചുവരുന്നു. തുറമുഖ നഗരമായ ചിറ്റഗോങ്, ധാക്ക, സിൽഹത് എന്നിവിടങ്ങളിലുണ്ടായ സ്ഫോടനങ്ങൾ ആരേയും കൊല്ലാനുദ്ദേശിച്ചുള്ളതല്ലെന്നും എന്നാൽ, ഭീകരസംഘടനയുടെ സാന്നിധ്യം അറിയിക്കാനുദ്ദേശിച്ചുള്ളതാണെന്നുമാണ് പോലീസ് വിശ്വസിക്കുന്നത്. റാപിഡ് ആക്ഷൻ ബറ്റാലിയൻ (RAB) ഉൾപ്പെടെയുള്ള മുഴുവൻ സുരക്ഷാ ഏജൻസികളും ഭീകരർക്കായി തിരച്ചിൽ നടത്തുകയും സുരക്ഷാസംവിധാനത്തിൽ ശ്രദ്ധയൂന്നുകയും ചെയ്തിട്ടുണ്ട്. ധാക്കയിലെ സ്ഫോടന പ്രദേശത്തുനിന്ന് കണ്ടെടുത്ത തകിടുകളിലൊന്നിൽ ഭീകരമുദ്രാവാക്യത്തോടെ 'അൽഖയ്ദ നെറ്റ്‌വർക്ക്' എന്നും മറ്റൊന്നിൽ 'സദീദ് അൽഖയ്ദ' എന്നും ആലേഖനം ചെയ്തിട്ടുണ്ട്. പ്രവാചകനെ ലോകത്തിലെ അതിമാനുഷനെന്ന് പറയാത്ത സർക്കാരിതര സംഘടനകളെ തകർക്കുമെന്നാണ് ബംഗ്ലാഭാഷയിലെഴുതിയ മുദ്രാവാക്യത്തിൽ പറയുന്നത്. അഹ്മദികൾക്കെതിരായും ഭീഷണി എഴുതിവെച്ചിട്ടുണ്ട്.

*(1-ാം പേജിൽ നിന്ന്)*

യായിരുന്ന അമത്തുൽ ഖുദ്ദൂസ് സാഹിബയാണ് ഭാര്യ. ലജ്നാ ഇമായില്ലായുടെ അഖിലേന്ത്യാ സദ്റായി അമത്തുൽ ഖുദ്ദൂസ് സാഹിബ ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. മിർസാ കലീം അഹ്മദ്, അമത്തുൽ അലീം, അമത്തുൽ റഊഫ്, അമത്തുൽ കരീം എന്നിവർ മക്കളാണ്. പെൺമക്കൾ വിവാഹത്തിനുശേഷം പാക്കിസ്ഥാൻ പൗരന്മാരായി അവിടെയാണ് താമസം. ഏക മകൻ മിർസാകലീം അഹ്മദ് അമേരിക്കയിലാണ്. മരണസമയത്ത് മക്കളെല്ലാവരും സമീപത്തുണ്ടായിരുന്നു.

മെയ് 1-ന് ചൊവ്വാഴ്ച വൈകിട്ട് 6 മണിക്ക് ഖാദിയാനിലെ ബിഹിശ്തി മഖ്ബറയിൽ അദ്ദേഹത്തിന്റെ ഭൗതിക ശരീരം മറവ് ചെയ്തു. മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, ഡോ.സലാഹുദ്ദീൻ സാഹിബ് എന്നിവർ ഉൾപ്പെട്ട ഒരു സംഘം ജനാസയിൽ പങ്കെടുക്കാനായി പോവുകയുണ്ടായി. തിരുവനന്തപുരം മേഖലാ അമീർ പ്രൊഫ. അബ്ദുൽ ജലീൽ സാഹിബ് അമൃത്സർ ആസ്പത്രിയിൽ മിയാൻ സാഹിബിനെ അഡ്മിറ്റ് ചെയ്ത ഉടൻ തന്നെ എത്തിച്ചേർന്ന് സന്ദർശിക്കുകയുണ്ടായിട്ടുണ്ട്.

## വിവരാവകാശ ക്ലാസ്സ് സംഘടിപ്പിച്ചു

**കണ്ണൂർ ടൗൺ, മെയ് 20:** 2005-ൽ നിലവിൽവന്ന വിവരാവകാശ നിയമത്തെ സംബന്ധിച്ചുള്ള ഒരു പഠനക്ലാസ്സ് സംഘടിപ്പിച്ചു. കണ്ണൂർ മേഖലാ മജ്ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ വൈകുന്നേരം 4 മണിക്ക് കണ്ണൂർ ടൗൺ മസ്ജിദിനോടനുബന്ധിച്ചുള്ള മൻസൂർ ഹാളിലാണ് പരിപാടി സംഘടിപ്പിച്ചത്. അഡ്വ. ആസിഫലി ക്ലാസ്സെടുത്തു. മേഖലാ അൻസാറുല്ലാ നാസിം യു. മൻസൂർ അഹ്മദ് സാഹിബ് അധ്യക്ഷനായിരുന്നു. അഡ്വ. ആസിഫലിക്കുള്ള ഉപഹാരം ടൗൺ ജമാഅത്ത് പ്രസിഡന്റ് ബി. അബ്ദുസ്സലാം സാഹിബ് നൽകി.

## സാബിത് അഹ്മദ് ഖുദ്ദാം വിഭാഗത്തിൽ വ്യക്തിഗത ചാമ്പ്യൻ



**മലപ്പുറം, ഏപ്രിൽ 28:** നിലമ്പൂരിൽ നടത്തിയ ഖുദ്ദാമുൽ അഹ്മദിയ്യാ സംസ്ഥാന ഇജ്തിമായിൽ സാബിത് അഹ്മദ് സാഹിബ് വ്യക്തിഗത ചാമ്പ്യനായി. കരുനാഗപ്പള്ളി മജ്ലിസിലെ ഖാദിമാണ് ഇദ്ദേഹം. ഖുർആൻ പാരായണം, അറബി പദ്യം, മലയാള പദ്യം എന്നിവയിൽ ഒന്നാം സ്ഥാനം നേടിയാണ് ഈ സ്ഥാനത്തിന് അർഹനായത്.

അത്ഫാൽ സീനിയർ വിഭാഗത്തിൽ മഞ്ചേരി മജ്ലിസിലെ അബ്ദുൽ ഹാദിയും ജൂനിയർ വിഭാഗത്തിൽ പഴയങ്ങാടി മജ്ലിസിലെ സൽമാൻ ഫാരിസും വ്യക്തിഗത ചാമ്പ്യന്മാരായി

*(2-ാം പേജിൽ നിന്ന്)*

വന്ന് സംരക്ഷിക്കാൻ പറ്റുകയില്ലെന്നും അതുകൊണ്ട് മുഹല്ല അഹ്മദിയായും ദാറുൽ മസീഹുമെല്ലാം ഉപേക്ഷിച്ച് തങ്ങൾ പറയുന്ന സുരക്ഷിതമായ സ്ഥലത്തേക്ക് മാറി താമസിക്കണമെന്നും അങ്ങനെയായാൽ സംരക്ഷണം എളുപ്പമാക്കാൻ കഴിയുമെന്നും അവർ പറഞ്ഞു.

യഥാർത്ഥത്തിൽ നമ്മെ സംരക്ഷിക്കുക എന്നതായിരുന്നില്ല അവരുടെ ഉദ്ദേശ്യം. സംശയദൃഷ്ടിയോടെയാണ് അവർ നമ്മളെ കണ്ടിരുന്നത്. ആ ഘട്ടത്തിലും ഹദ്റത്ത് സാഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബ് ഖാദിയാനിലെ എല്ലാ അഹ്മദികളേയും മസ്ജിദ് മുബാറകിൽ വിളിച്ചുചേർത്തു. വേദനാനിർഭരമായ വാക്കുകളിൽ ഒരു പ്രസംഗം ചെയ്തു. അവിടന്ന് പറഞ്ഞു.

"ഇത് നമ്മുടെ ശാശ്വതമായ കേന്ദ്രമാണ്. നമ്മൾ ഇതിനെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. (എങ്ങനെയെങ്കിലും ഒഴിഞ്ഞുകിട്ടിയാൽ ആ സ്ഥലം കൈയടക്കാമെന്നതായിരുന്നു അവരുടെ ഉദ്ദേശ്യം) ഇന്നത്തെ ഒരേയൊരു രാത്രിയാണ് നമ്മുടെ പക്കലുള്ളത്. നമ്മുടെ ദുആ മുഖേന അല്ലാഹുവിന്റെ അർശിനെ പിടിച്ചുകുലുക്കുക. സർക്കാർ നമ്മളെക്കുറിച്ച് ഈ തീരുമാനത്തിൽ തന്നെ ഉറച്ചുനില്ക്കുകയാണെങ്കിൽ, ഓർമ്മിക്കുക, ഒരു കുട്ടിപോലും സ്വന്തം ഇഷ്ടത്താൽ ഖാദിയാന് വെളിയിൽ പോകുകയില്ല. നമുക്ക് നമ്മുടെ ജീവൻ ബലിയർപ്പിക്കേണ്ടിവന്നാലും പരിശുദ്ധമായ സ്ഥലങ്ങൾ നിലകൊള്ളുന്ന ഈ ഖാദിയാൻ വിട്ട് നാം പോകുകയില്ല. ഓർത്തുകൊള്ളുക, ഞാനും ഇവിടെനിന്ന് സ്വയം വെളിയിൽപ്പോകുകയില്ല. സർക്കാരുദ്യോഗസ്ഥന്മാർ എന്നെ വലിച്ചിഴച്ച് വെളിയിൽ കൊണ്ടുപോകുകയാണെങ്കിൽ കൊണ്ടുപോകട്ടെ. എന്നാൽ, ഞാൻ എന്റെ കാലിൽ നടന്നുപോകുകയില്ല. നിങ്ങളിലെ ഓരോ ദർവേശിന്റേയും നിങ്ങളുടെ മക്കളുടേയും പൊസിഷൻ ഇതുതന്നെയായിരിക്കണം. എന്നെ കൊണ്ടുപോയിട്ട്, ഞങ്ങൾ നിങ്ങളുടെ മിയാസാഹിബിനെ കൂട്ടിക്കൊണ്ടുപോയി, അതുകൊണ്ട് നിങ്ങളും വരിക എന്ന് അവർ പറഞ്ഞേക്കാം. അവർ എന്നെ കൊണ്ടുപോകുന്നെങ്കിൽ കൊണ്ടുപോകട്ടെ. നിങ്ങൾ പോകുകയില്ല. ജമാഅത്തിലെ ഓരോ അംഗത്തിന്റേയും വായിൽ നിന്ന് പുറപ്പെടേണ്ട ശബ്ദം, ഞങ്ങൾ ഖാദിയാനെ ഉപേക്ഷിക്കുകയില്ല എന്നതായിരിക്കണം. നിവേദകൻ പറയുന്നു, ആ രാത്രി ഖാദിയാനിലെ ഓരോ കുട്ടിയുടേയും അവസ്ഥ ഇതായിരുന്നു. ഓരോ വ്യക്തിയും അല്ലാഹുവിന്റെ മേൽ കമിഴ്ന്നു വീഴുന്ന പ്രതീതി. മസ്ജിദ് മുബാറക്കിന്റെ ഓരോ മുക്കിലും മൂലയിലും മസ്ജിദ് അഖ്സായുടെ ഓരോ കോണുകളിലും

(ശേഷം 4-ാം പേജിൽ)

അൽ ഹഖ്
AHMADIYYA NEWS BULLETTIN
മെയ് 2007 റബ്ബിയുൽ ആഖിർ

# ഹദ്റത്ത് മിയാൻ സാഹിബ്

**ഭാ**രതത്തിലെ അഹ്മദികളുടെ ആവേശവും പ്രോത്സാഹനവുമായിരുന്ന ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ് വഫാത്തായ വിവരം വളരെ ദുഃഖത്തോടെയാണ് നാം ശ്രവിച്ചത്. അദ്ദേഹം ഏപ്രിൽ 29-ന് രാത്രി 9.20-നാണ് തന്റെ യഥാർത്ഥ നാഥനിലേക്ക് മടങ്ങിയത്. (ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ) 1927-ൽ ജനിച്ച അദ്ദേഹം മരിക്കുന്നതുവരെ ജമാഅത്തിന് സേവനം ചെയ്യുകയായിരുന്നു, നിസ്വാർത്ഥനായും, സുസ്മേരവദനനായും. ആരേയും ആകർഷിക്കുന്ന ആകാരവും ഗാംഭീര്യമുള്ള ശബ്ദത്തിന്റെ ഉടമയുമായ അദ്ദേഹം എന്നും ചിരിച്ചുകൊണ്ടാണ് ജനങ്ങളെ സ്വീകരിച്ചിരുന്നത്.

1947-ൽ ഇന്ത്യാ വിഭജന സമയത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ മുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ് സാഹിബ്(റ) തന്റെ മകനെ ഖാദിയാൻ സംരക്ഷിക്കുന്ന ദർവേശുമാർക്ക് ആശയും ആവേശവുമാകുന്നതിന്നായി ഖാദിയാനിൽതന്നെ നിർത്തുകയായിരുന്നു. പിതാവിന്റെ, അതിലുപരി ഖലീഫയുടെ ആഗ്രഹം അക്ഷരംപ്രതി പൂർത്തിയാക്കുന്ന ഒരു ജീവിതമാണ് പിന്നീട് കണ്ടത്.

30 വർഷക്കാലത്തോളം ഖാദിയാനിലെ ഒരു സാധാരണ ഉദ്യോഗസ്ഥനായി പ്രവർത്തിച്ചതിനുശേഷമാണ് വാഗ്ദത്ത മസീഹിന്റെ ഈ പൗത്രൻ നാസിർ അഅ്‌ലാ ആയി നിയമിതനാകുന്നുത്. നാസിർ അഅ്‌ലായുടെ സ്ഥാനം ഏറ്റെടുത്ത അദ്ദേഹം ഇന്ത്യ മുഴുവൻ പലതവണ പര്യടനം നടത്തി. കേരളക്കരയിൽ നിരവധി പ്രാവശ്യം മിയാൻ സാഹിബ് വന്നിട്ടുണ്ട്. മിയാൻ സാഹിബിന്റെ വരവ് മലയാളികൾക്ക് എന്നും ആവേശമായിരുന്നു. അദ്ദേഹം പങ്കെടുത്ത പരിപാടികൾ ഏറെ ശ്രദ്ധയാകർഷിച്ചിരുന്നു. പണ്ഡിതോചിതമായ അദ്ദേഹത്തിന്റെ വാക്കുകൾ ഉൾപ്പുളകമുളവാക്കുന്നതായിരുന്നു.

വൻസമ്പത്തിന്റെ ഉടമയായിരുന്നിട്ടും ഖാദിയാനിലെ എല്ലാ ദർവേശുമാരേയുംപോലെ കഷ്ടത അനുഭവിച്ച ഒരു വ്യക്തിയാണ് അദ്ദേഹം. കുടംബം മുഴുവൻ പാക്കിസ്ഥാനിലേക്ക് പോയപ്പോഴും ഖലീഫയുടെ വാക്കുകൾ കാരണം ഖാദിയാനിൽത്തന്നെ താമസമാക്കിയതിന്റെ ഗുണം ജമാഅത്തിന് തുടർന്ന് ലഭ്യമായി. കലാപത്തിന്നിടയിൽ പിടിച്ചെടുക്കപ്പെട്ട മുഴുവൻ സ്വത്തുക്കളും ജമാഅത്തിന് തിരികെ ലഭിച്ചു.

പഞ്ചാബിലെ പൊതുജനങ്ങൾ അദ്ദേഹത്തിന് നല്കിയ ആദരവ് വളരെ വലുതാണ്. തന്റെ ലാളിത്യവും പാവങ്ങളോടുള്ള കരുണയുംകൊണ്ട് ജനങ്ങളെയാകമാനം ജമാഅത്തിന്റെ നല്ല കൂട്ടുകാരായി മാറ്റാൻ മിയാൻ സാഹിബിന് സാധിച്ചു. ഖിലാഫത്തിനോട് എന്നും കൂറുപുലർത്തിയിരുന്ന അദ്ദേഹം ധനത്യാഗരംഗത്ത് മാതൃകയായിരുന്നു. ജമാഅത്തിന്റെ ഏത് ധനത്യാഗ ആഹ്വാനവും ആദ്യം സ്വന്തത്തിൽ നിർവ്വഹിച്ചതിനുശേഷമാണ് അദ്ദേഹം നടത്തിയിരുന്നത്.

ഖാദിയാനിലെ അങ്ങേയറ്റം ഭീതിജനകമായ സമയത്ത് തന്റെ ശക്തമായ നേതൃത്വത്തിലൂടെ ജമാഅത്തംഗങ്ങളെ ഖിലാഫത്തുമായി ഒട്ടിച്ചുനിർത്തുന്നതിലും ഇതര ജനസമൂഹങ്ങൾക്ക് സേവനം ചെയ്യുന്നവരായി അവരെ പ്രോത്സാഹിപ്പിക്കുന്നതിലും മുന്നിട്ടിറങ്ങിയ ആ മഹാൻ ഇന്ന് നമ്മോടൊപ്പമില്ല. അദ്ദേഹത്തിന്റെ മധുരിക്കുന്ന ഓർമ്മകൾ നമ്മിലുണ്ട്. ആ ഓർമ്മകൾ നമുക്ക് ആവേശമാകേണ്ടതുണ്ട്. ആ ആവേശം ഖിലാഫത്ത് ജൂബിലിയോടടുത്ത ഈ സമയത്ത് തബ്‌ലീഗിന്റെയും സൃഷ്ടിസേവനത്തിന്റെയും ആരവം സൃഷ്ടിക്കാൻ പര്യാപ്തമായാൽ അതായിരിക്കും മിയാൻ സാഹിബിന് നാം നൽകുന്ന ഉപഹാരം. അല്ലാഹു അദ്ദേഹത്തിന് പരലോകത്ത് ഉന്നതമായ സ്ഥാനം നൽകട്ടെ.

# ഖുദ്ദാം, അത്ഫാൽ സംസ്ഥാന ഇജ്തിമാഅ് 2007

അൽഹഖ് ന്യൂസ് ഡെസ്ക്



**2007**-ലെ ഖുദ്ദാം അത്ഫാൽ സംസ്ഥാന ഇജ്തിമാഅ് നിലമ്പൂരിലെ ഗ്രീൻ ആർട്ടിൽ ഏപ്രിൽ 27, 28 തിയ്യതികളിലായി നടത്തപ്പെടുകയുണ്ടായി. കേരളത്തിൽ ഖുദ്ദാമുൽ അഹ്മദിയ്യായെ രണ്ട് ഇലാക്കകളായി മാറ്റിയതിനുശേഷം ആദ്യമായാണ് സംയുക്തമായി ഒരു ഇജ്തിമ സംഘടിപ്പിക്കുന്നത്. 2008-ൽ ഖിലാഫത്ത് ജൂബിലി ആഘോഷിക്കാനൊരുങ്ങുന്ന കേരള അഹ്മദിയ്യാ ജമാഅത്തിന് ഇതൊരു മുതൽക്കൂട്ടാകും എന്നുറപ്പ്. ഖിലാഫത്തിനെ സംബന്ധിച്ച സന്ദേശം മലയാളമണ്ണിന്റെ മുക്കിലും മൂലയിലും എത്തിക്കുന്നതിന് യോജിച്ചുള്ള പ്രവർത്തനം അനിവാര്യമാണ്. ഈ വർഷത്തെ ഇജ്തിമായുടെ ലക്ഷ്യവും അതുതന്നെയായിരുന്നു.

മൂന്ന് ദിനങ്ങളിലായി നടത്താൻ തീരുമാനിച്ചിരുന്ന ഇജ്തിമാഅ് ഹദ്റത്ത് മിയാൻ സാഹിബിന്റെ അസുഖം കാരണം ശോകമൂകമായ അന്തരീക്ഷത്തിൽ രണ്ട് ദിവസങ്ങളിലേക്ക് മാറ്റുകയാണുണ്ടായത്. ഇജ്തിമാഅ് പരിപാടികളിൽ ആദ്യാവസാനം പങ്കെടുക്കാനായി അഖിലേന്ത്യാ സദർ മൗലവി മുഹമ്മദ് ഇസ്മായീൽ താഹിർ സാഹിബ് നേരത്തേതന്നെ കോഴിക്കോട്ട് എത്തിച്ചേർന്നിരുന്നു. പക്ഷേ, മേൽപറഞ്ഞ കാരണം കൊണ്ട് അദ്ദേഹത്തിന് ഇജ്തിമായിൽ പങ്കെടുക്കാനായില്ല. അദ്ദേഹം 26-ന് തന്നെ തിരിച്ചുപോയി. പക്ഷേ, തന്റെ സന്ദേശം ഖാദിംകൾക്ക് നൽകാൻ അദ്ദേഹം മറന്നില്ല. അത് ഖാദിംകൾക്കെത്തിക്കാൻ സി.വി. സാജിദ് സാഹിബിന്റെ നേതൃത്വത്തിലുള്ള സംഘം പദ്ധതി തയ്യാറാക്കി.

ഏപ്രിൽ 27-ന് വെള്ളിയാഴ്ച മൗലാനാ മുഹമ്മദ് ഉമർ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന ജുമുഅ നമസ്കാരത്തോടെയാണ് ഇജ്തിമ ആരംഭിച്ചത്. ജുമുഅ ഖുത്ബക്കും ജുമുഅ, അസർ നമസ്കാരങ്ങൾക്കുംശേഷം 3 മണിക്ക് ഖുദ്ദാമുൽ അഹ്മദിയ്യാ പതാക ഉയർത്തപ്പെട്ടു. നോർത്ത്, സൗത്ത് ഇലാഖ ഖാഇദുമാരായ ഡോ. സലാഹുദ്ദീൻ സാഹിബ്, ടി.കെ. അബൂബക്കർ സാഹിബ് എന്നിവർ തക്ബീർ ധ്വനികളുടെ അകമ്പടിയോടെ ലോകത്തിലെ ഏറ്റവും വലിയ യുവജനപ്രസ്ഥാനത്തിന്റെ പതാക ഉയർന്നപ്പോൾ അവിടെ തടിച്ചുകൂടിയ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ യുവാക്കളുടേയും കുട്ടികളുടേയും മനസ്സുക

(ശേഷം 6-ാം പേജിൽ)



(3-ാം പേജിൽ നിന്ന്)

ബിഹിശ്തിമഖ്ബറയുടെ ഓരോ സ്ഥലത്തും ദുആ നടന്നുകൊണ്ടിരുന്നു. ഓരോ വീടിന്റേയും ഭിത്തികൾ, ദർവേശുകളുടെ ഉള്ളിൽനിന്ന് പുറത്തുവന്ന കഠിനവിലാപത്തിനും നിലവിളിക്കും സാക്ഷിയാണ്. അത് ദൈവികസന്നിധിയിൽ മുട്ടിവിളിക്കാൻ തുടങ്ങി. അവരുടെ സുജൂദിന്റെ സ്ഥലം നനവാർന്നതായി. അവരുടെ നെറ്റിത്തടം ദൈവികസവിധത്തിൽ കുനിഞ്ഞുതന്നെ കിടന്നു. നൂറുക്കണക്കിന് കരങ്ങൾ ദൈവികസവിധത്തിലേക്ക് ഉയർന്നു. ആ രാത്രിയും പകലും ഞങ്ങൾ ഇങ്ങനെയാണ് കഴിച്ചുകൂട്ടിയത്. അവസാനം അല്ലാഹു അവരുടെ ദുആ സ്വീകരിച്ചു. അടുത്തദിവസം സർക്കാരുദ്യോഗസ്ഥരെ കാണാനും വിവരങ്ങളെല്ലാം വ്യക്തമാക്കാനും വേണ്ടി ഒരു സംഘം ആളുകൾ പോയി. സൈനികോദ്യോഗസ്ഥന്മാർ നേരിട്ട് ഖാദിയാനിൽ വന്നു. മഖാമാത്തെ മുഖദ്ദസ അവർ കണ്ടു. അഹ്മദിയ്യാ മുഹല്ലയും അവർ നേരിൽ കണ്ടു. പിന്നീട് ഡി.സി. സാഹിബ് തുടങ്ങിയവരുടെ ശിപാർശയാൽ തീരുമാനം സർക്കാർ പിൻവലിച്ചു.

ശതവാർഷിക ജൂബിലി കൊണ്ടാടിയ അവസരത്തിൽ, ഇന്ത്യ മുഴുവനും അവിടന്ന് പര്യടനം നടത്തി. ജമാഅത്തുകളെ ഓർഗനൈസ് ചെയ്തു. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഖാദിയാൻ സന്ദർശിച്ച സന്ദർഭത്തിൽ, എല്ലാ ഉത്തരാവദിത്തങ്ങളും ഏറ്റെടുത്തു നടത്തി. 2005-ൽ ഞാൻ ഖാദിയാൻ സന്ദർശിച്ചപ്പോൾ മിയാസാഹിബിന് നല്ല സുഖമില്ലായിരുന്നു.

ജനങ്ങളോട് കണക്കറ്റ സ്നേഹമായിരുന്നു. സേവനത്തിന്റെ വികാരം തുടിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിമാരെ അതിരറ്റ് ആദരിച്ചിരുന്നു. ദർവേശുമാരോട് വലിയ സ്നേഹമായിരുന്നു. എന്നല്ല, ഒരിക്കൽ ദർവേശുമാരെക്കുറിച്ച ആരോ വേണ്ടാത്തത് പറഞ്ഞപ്പോൾ, അവിടന്ന് വെറുപ്പ് പ്രകടിപ്പിക്കുകയുണ്ടായി. വാസ്തവത്തിൽ, അദ്ദേഹത്തിന്റെ സ്വഭാവം എപ്പോഴെങ്കിലും വെറുപ്പ് പ്രകടിപ്പിക്കുമെന്ന് തോന്നുന്നതായിരുന്നില്ല. പക്ഷേ, ദർവേശുമാരുടെ അഭിമാനം ഓർത്തപ്പോൾ, ആ വാക്കുകൾ അദ്ദേഹത്തിന് സഹിക്കാൻ കഴിഞ്ഞില്ല.

ഹദ്റത്ത് മിയാസാഹിബിന്റെ ഒരു പ്രത്യേകത, വളരെ നല്ലനിലയിൽ ആലോചിച്ചും ചിന്തിച്ചും സംസാരിച്ചിരുന്നു എന്നതാണ്. ജമാഅത്തിന്റെ പാരമ്പര്യത്തിൽനിന്ന് അകന്ന എന്തെങ്കിലും കാര്യം ഉണ്ടാകാതിരിക്കാനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും നബി(സ) തിരുമേനിയുടേയും സ്ഥാനത്തെ ബാധിക്കുന്ന ഒന്നും വന്നുപോകാതിരിക്കാനും പൊങ്ങച്ചത്തിന്റെ നാറ്റം ഉണ്ടാകാവുന്നതും ദർവേശീപരമായ വിനയത്തിന് ക്ഷതം പറ്റുന്നതുമായ കാര്യം സംസാരത്തിനിടെ ഉണ്ടാകാതിരിക്കാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹം അകറ്റിക്കളയുന്നതാണ്.

ധനത്യാഗത്തിനുള്ള ആഹ്വാനം ഉണ്ടാകുമ്പോൾ അത്യുത്സാഹത്തോടെ അതിൽ പങ്കെടുത്തിരുന്നു.

(ശേഷം 6-ാം പേജിൽ)

(1-ാം പേജിൽ നിന്ന്)

പള്ളികളിൽ അഹ്മദികൾക്കെതിരെ ജിഹാദിന് ആഹ്വാനം ചെയ്യുകയും ചെയ്തിരുന്നു. ഇതിനെതിരെ സിറ്റിപോലീസ് യാതൊരു നടപടിയുമെടുത്തിരുന്നില്ല. ചില കോണുകളിൽനിന്നുണ്ടായ സമ്മർദ്ദം കാരണം മതിൽ തകർക്കാൻ സർക്കാർ തീരുമാനിക്കുകയായിരുന്നുവെന്ന് പേരു വെളിപ്പെടുത്താത്ത ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു. നിലവിലുള്ള ഒരു ഖബർസ്ഥാൻ വികസിപ്പിക്കുന്നതിനായി ഒരു അഹ്മദി ഉടമയിൽ നിന്നും വാങ്ങിയതാണ് 6 ഏക്കർ സ്ഥലം. ഈ സ്ഥലം വില കൊടുത്ത് വാങ്ങിയതു മുതൽ പ്രാദേശിക മുല്ലമാർ തദ്ദേശവാസികളെ മതിൽനിർമ്മാണത്തിന്നെതിരായി പ്രതികരിക്കാൻ പ്രലോഭിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു.

നിയമപരമായി വാങ്ങിയ സ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നത് തടയാൻ ശ്രമിച്ചവർക്കെതിരെ നടപടിയെടുക്കുന്നതിന് പകരം നിർമ്മാണം തടയാനും ഇതുവരെ നിർമ്മിച്ച മതിൽ പൊളിക്കാനും സമ്മർദ്ദം ചെലുത്തുകയായിരുന്നു പോലീസ് അധികാരികൾ. പത്തുവർഷത്തിലേറെയായി ഈ സ്ഥലത്തിന്റെ ഒരുഭാഗം ഖബർസ്ഥാനായി ഉപയോഗിച്ചു വരികയായിരുന്നു.

പോലീസിന്റേയും ജില്ലാ അധികാരികളുടേയും ഈ നടപടിക്കെതിരെ അഹ്മദികൾ കോടതിയെ സമീപിക്കാനൊരുങ്ങുകയാണ്.

(3-ാം പേജിൽ നിന്ന്)

പാസ്സാക്കുകയുമുണ്ടായി. അമേരിക്കയുടെ അധിനിവേശപ്രവർത്തനം തടയുക, അൽറഷിദ് ട്രസ്റ്റ്, അൽ അക്താർ ട്രസ്റ്റ് എന്നിവയുടെ നിരോധനം നീക്കുക, പാക്കിസ്ഥാന്റെ നായകനായ ഡോ. അബ്ദുൽഖാദിർഖാനെ സ്വതന്ത്രനാക്കുകയും ആറ്റം രഹസ്യം ചോർത്തിയ യഥാർത്ഥ പ്രതിയെ ശിക്ഷിക്കുക (ഡോ. അബ്ദുസ്സലാം സാഹിബിനെയാണ് ആറ്റം ചോർത്തിയെന്ന് മുല്ലമാർ ആരോപിച്ചത്) രഹസ്യ ഏജൻസികൾ തട്ടികൊണ്ടുപോയവരെ കണ്ടെത്തുക, ഇഫ്തിക്കാർ ചൗദരിയെ വെറുതെ വിടുക തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളിച്ച പ്രമേയത്തിൽ പക്ഷേ, നബിതിരുമേനിയെ കുറിച്ച് ഒന്നും ചേർക്കുകയുണ്ടായില്ല.

അഹ്മദികൾക്ക് അവരുടെ സ്വന്തം സ്ഥലത്ത് വാർഷിക സമ്മേളനം നടത്താനുള്ള അനുമതി നിഷേധിക്കുന്നവർ തന്നെയാണ് പുറത്തുനിന്നുള്ള മുല്ലമാർക്ക് ഇവിടെ സമ്മേളനങ്ങൾ നടത്താനും സമാധാന ഭംഗമുണ്ടാക്കത്തക്ക രീതിയിലുള്ള പ്രകടനങ്ങൾ നടത്താനും അനുവാദം നൽകുന്നത്.

# പ്രകാശം പരത്തുന്ന ജീവിതങ്ങൾ

**(സഹാബിമാരുടെ ജീവിതാനുഭവങ്ങൾ)**

**ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിഖ്(റ)**



**വാ**ഗ്ദത്ത മസീഹുമായി അടുത്തിടപഴകാനുള്ള ഒരു സാഹചര്യവും മുഫ്തി സാഹിബ് പാഴാക്കാറില്ല. വാഗ്ദത്ത മസീഹിന്റെ എല്ലാ അനുയായികളും പൂർണ്ണമായ സമർപ്പണത്താലും ഇസ്ലാമിനുവേണ്ടിയുള്ള ത്യാഗമനോഭാവവും കാരണത്താൽ ഉന്നതമായ സ്ഥാനം നേടിയവരാണ്. മുഫ്തി മുഹമ്മദ് സാഹിബ് അത്തരത്തിൽ പ്രത്യേകമായി അനുഗ്രഹിക്കപ്പെട്ട വ്യക്തികളിൽ ഒരാളായിരുന്നു.

ഒരിക്കൽ ഹദ്റത്ത് അഹ്മദ്(അ) ഒരു കോടതിയിലായിരുന്നപ്പോൾ കൂടെ മുഫ്തി സാഹിബും ഉണ്ടായിരുന്നു. കോടതിയിൽ വാഗ്ദത്ത മസീഹിന് ഇരിക്കാനായി ഒരു കസേര നൽകപ്പെട്ടു. കോടതിയിൽ കുറേനേരം കസേരയിൽ ഇരിക്കുന്നതുമൂലം ഉണ്ടാകാവുന്ന വിഷമതകൾ മനസ്സിലാക്കിയ മുഫ്തി സാഹിബ് ഉടൻ തന്നെ തന്റെ കോട്ടും തലേക്കെട്ടുമഴിച്ച് അദ്ദേഹത്തിന്റെ കാലിനടിയിൽ വെച്ചുകൊടുത്തു.

അനുസരണത്തിലും വിളിക്കുത്തരം നൽകുന്നതിലും ഒരു പ്രത്യേക നിഷ്കർഷതന്നെ മുഫ്തി സാഹിബ് പുലർത്തിയിരുന്നു. 1905-ലെ ഭൂകമ്പ ദിനങ്ങളിലൊരിക്കൽ വാഗ്ദത്ത മസീഹ്(അ) ബിഹിശ്തി മഖ്ബറയുടെ അടുത്തുള്ള ഒരു തോട്ടത്തിൽ താമസിക്കുന്ന അവസരത്തിൽ മുഫ്തി സാഹിബിനെ വിളിച്ചുകൊണ്ട് ഒരു കത്ത് ഏല്പിക്കുകയും അത് ലാഹോറിലെത്തിക്കാനായി പറയുകയും ചെയ്തു. ഉടൻതന്നെ മറ്റൊന്നും ചോദിക്കാനോ പറയാനോ നിൽക്കാതെ മുഫ്തി സാഹിബ് കത്തുമായി ലാഹോറിലേക്കു പുറപ്പെടുകയുണ്ടായി.

വാഗ്ദത്ത മസീഹ്(അ) വസിയ്യത്ത് വ്യവസ്ഥിതി പ്രഖ്യാപിച്ച ഉടനെതന്നെ മുഫ്തി സാഹിബ് അതിൽ അംഗമാവുകയും തന്റെ മരണശേഷം സ്വത്തുക്കളെല്ലാം ജമാഅത്തിന് നൽകിക്കൊണ്ടുള്ള വിൽപത്രം തയ്യാറാക്കുകയും ചെയ്തു.

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബിന് തന്റെ ജന്മനാടിനേക്കാൾ സ്നേഹം ഖാദിയാനോടുണ്ടായിരുന്നു. ഭേര എന്ന സ്ഥലത്താണ് മുഫ്തി സാഹിബ് ജനിച്ചത്. 1908 മാർച്ചിൽ അദ്ദേഹം തന്റെ ജന്മനാട്ടിൽ ചില കാര്യങ്ങൾക്കായി പോവുകയുണ്ടായി. പക്ഷേ, അപ്പോഴും അദ്ദേഹത്തിന്റെ മനസ്സ് ഖാദിയാനിലെത്തിച്ചേരാൻ ധിറുതി കൂട്ടുകയായിരുന്നു. ഇതേക്കുറിച്ച് അദ്ദേഹം ഇങ്ങനെ എഴുതുന്നു. "ഇത് നിന്റേയും നിന്റെ പൂർവ്വികരുടേയും സ്ഥലമാണ്. അതിനാൽ കുറച്ചധിക ദിവസം നീയിവിടെ തങ്ങുക എന്ന് മറ്റുള്ളവർ പറയുമായിരുന്നു. സ്നേഹത്തോടെയാണ് അവരിങ്ങനെ പറഞ്ഞിരുന്നത്. പക്ഷേ ഖാദിയാനിൽ നിന്ന് വിട്ടുനിൽക്കുമ്പോൾ ആകെ ആശയക്കുഴപ്പത്തിലാകുന്ന ഞാൻ എത്രയും വേഗം അവിടെ തിരിച്ചെത്താൻ അല്ലാഹുവിനോട് ദുആ ചെയ്യുകയാണ് പതിവ്."

അഹ്മദിയ്യത്തിനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്നതിൽ മുഫ്തി സാഹിബിന് ഒരു പ്രത്യേക കഴിവ് തന്നെയുണ്ടായിരുന്നു. തബ്ലീഗ് ചെയ്യാൻ ലഭിക്കുന്ന ഓരോ അവസരവും അദ്ദേഹം ഉപയോഗപ്പെടുത്തിയിരുന്നു. ഒരിക്കൽ ഒരു യാത്രയ്ക്കായി മുഫ്തി സാഹിബ് തീവണ്ടിയിൽ കയറി. അദ്ദേഹം കയറിയ കമ്പാർട്ടുമെന്റിൽ ഇരിക്കാൻ സ്ഥലമുണ്ടായിരുന്നില്ല. അദ്ദേഹം ഒരു സ്ഥലത്ത് നിന്നുകൊണ്ട് മറ്റു യാത്രക്കാരോടായി സംസാരിക്കാനാരംഭിച്ചു. അദ്ദേഹം യാത്രക്കാർക്ക് അഹ്മദിയ്യാ സന്ദേശം നൽകി.

മറ്റൊരിക്കൽ മുഫ്തി സാഹിബ് തന്റെ ഒരു സുഹൃത്തുമൊന്നിച്ച് ബോംബെയിലെ ഒരു ബസാറിലൂടെ നടക്കുകയായിരുന്നു. അവിടെ തിരക്കിട്ട് ഹരജികൾ തയ്യാറാക്കിക്കൊടുക്കുന്ന ഒരാൾക്ക് സന്ദേശം നൽകാനായി ആവശ്യപ്പെട്ടു. മുഫ്തി സാഹിബ് ഉടനെതന്നെ എഴുത്തുകാരന്റെ മുന്നിലിരുന്നുകൊണ്ട് തനിക്കുവേണ്ടി ഒരു കത്തെഴുതിത്തരാനാവശ്യപ്പെടുകയുണ്ടായി. ഹൈദരാബാദിലെ നൈസാമിനാണ് കത്ത്. അദ്ദേഹം ഇപ്രകാരം എഴുതിച്ചു. "നബി(സ) തിരുമേനിയുടെ വാഗ്ദത്ത മസീഹിനെക്കുറിച്ചുള്ള പ്രവചനമനുസരിച്ച്, വാഗ്ദത്ത മസീഹ് എല്ലാ മുസ്ലിംകളേയും ഇസ്ലാമിന്റെ കൊടിക്കീഴിൽ ഒരുമിച്ച് കൂട്ടുമെന്ന് പറഞ്ഞിട്ടുണ്ട്. ആ മസീഹ് ഖാദിയാനിൽ അവതരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വിളിക്കുത്തരം നൽകാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു." ഇങ്ങനെ മുഫ്തി സാഹിബ് എഴുത്തുകാരന് സന്ദേശമെത്തിക്കുകയും നൈസാമിന്കത്തയക്കുകയും ചെയ്യുക.

വാഗ്ദത്ത മസീഹ്(അ)ന്റെ അനുഗ്രഹീത കാലഘട്ടത്തിൽതന്നെ ജനിക്കാൻ ഭാഗ്യം സിദ്ധിച്ച വ്യക്തികളിൽ ഒരാളാണ് മുഫ്തി സാഹിബ്. കൂടാതെ രണ്ട് ഖിലാഫത്തിന്റെ കാലഘട്ടത്തിൽ സേവനമനുഷ്ഠിക്കാനും അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചു. ധാർമ്മിക കാര്യങ്ങൾ ഉപദേശിക്കുന്നിനും തബ്ലീഗിനുമായി അവിഭക്ത ഇന്ത്യയിൽ പലയിടങ്ങളിലും അദ്ദേഹം യാത്ര ചെയ്തുകൊണ്ടിരുന്നു. കേരളത്തിലും അദ്ദേഹം വന്നിട്ടുണ്ട്. അദ്ദേഹം സഞ്ചരിച്ച പ്രദേശത്തിന്റെ മുക്കിലും മൂലയിലും വാഗ്ദത്ത മഹ്ദീ മസീഹിന്റെ സന്ദേശമെത്തിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായി നിരവധി ആളുകൾ ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായിട്ടുണ്ട്.

1907-ൽ വാഗ്ദത്ത മസീഹ് (അ) സന്ദേശപ്രചാരണത്തിന് ജീവിതാർപ്പണം ചെയ്യാനായി യുവാക്കളെ ആഹ്വാനം ചെയ്തപ്പോൾ ഹദ്റത്ത് മുഫ്തി സാഹിബ് ഉടൻതന്നെ അത് സ്വീകരിക്കുകയും ഏതു സ്ഥലത്താണെങ്കിലും പോകാനുള്ള സമ്മതം അറിയിക്കുകയും ചെയ്തു. വാഗ്ദത്ത മസീഹ് (അ) അത് സ്വീകരിക്കുകയും ചെയ്തു. ഇതിന്റെയടിസ്ഥാനത്തിൽ മുഫ്തി സാഹിബ് 7 വർഷം ബ്രിട്ടനിലും അമേരിക്കയിലും തബ്ലീഗിനായി നിയോഗിക്കപ്പെടുകയുണ്ടായി. ഇസ്ലാമിനോടും വാഗ്ദത്ത മസീഹ്(അ)നോടും അതിരറ്റ സ്നേഹവും കൂറും പുലർത്തിയിരുന്ന അദ്ദേഹം തന്റെ എല്ലാ കഴിവുകളും സന്ദേശപ്രചാരണത്തിനായി ഉപയോഗിച്ചു.

ഹദ്റത്ത് മുഫ്തി സാഹിബിന്റെ സകല കഴി

*(ശേഷം 6-ാം പേജിൽ)*

# ഇന്തോനേഷ്യയിൽ അഹ്മദികൾ നിയമ പോരാട്ടം തുടരുന്നു

**ജക്കാർത്ത :** ഒട്ടേറെ നാശനഷ്ടങ്ങൾ സഹിച്ചതിനു ശേഷം നിയമപരവും സമാധാനപരവുമായ രീതിയിൽ ജക്കാർത്തയിലെ അഹ്മദീ സമൂഹം പോരാട്ടം തുടരുന്നു. മതപരമായ പ്രവർത്തനങ്ങൾ നിരോധിച്ച ബോഗർ ഭരണകൂടത്തിന്നെതിരെയാണ് അഹ്മദികൾ നിയമനടപടിക്കൊരുങ്ങുന്നത്. അഹ്മദി നിയമജ്ഞരുടെ അഭിപ്രായമനുസരിച്ച് നാളുകൾക്കുള്ളിൽതന്നെ പ്രാദേശികഭരണകൂടത്തിന്റെ അഹ്മദിയ്യാ വിരുദ്ധ നടപടികൾക്കെതിരെ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയാണ്.

ജക്കാർത്തയിലെ നിയമസഹായ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡപ്യൂട്ടി ഡയരക്ടർ എർനാരത്നാനിഗിഷിന്റെ അഭിപ്രായത്തിൽ അഹ്മദികൾക്കെതിരായ നിയമനടപടികൾ ഇന്തോനേഷ്യൻ ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തെ ലംഘിക്കുന്നതാണ്. അഹ്മദിയ്യത്തിനെ നിരോധിച്ചുകൊണ്ട് ബോഗർ പ്രാദേശിക ഗവർമ്മെന്റും, പോസീലും, പ്രോസിക്യൂട്ടറുടെ ഓഫീസും ഉലമാ കൗൺസിലും ചേർന്ന് നേരത്തേ ഉത്തരവിറക്കിയിരുന്നു. മതപരമായ കാര്യങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം കേന്ദ്രഗവർമ്മെന്റിൽ നിക്ഷിപ്തമായിരിക്കേ, പ്രാദേശിക ഗവർമ്മെന്റ് ഇത്തരമൊരു ഉത്തരവിറക്കിയതിന്റെ നിയമസാധുതയേയാണ് ചോദ്യം ചെയ്യുന്നത്.

കുറച്ചുനാളുകൾക്ക് മുമ്പേ ബോഗർ നഗരത്തിനടുത്തുള്ള പാരംഗിലുള്ള അഹ്മദിയ്യാ കാമ്പസ് പത്തായിരത്തിലധികം വരുന്ന അക്രമാസക്തമായ ജനക്കൂട്ടം ആക്രമിച്ചിരുന്നു. ഈ അക്രമത്തെ തുടർന്നാണ് സാമൂഹിക സൗഹാർദ്ദം നിലനിർത്താനെന്ന പേരിൽ ബോഗർ പ്രാദേശിക ഭരണകൂടം അഹ്മദിയ്യാ ജമാഅത്തിനെ നിയമവിരുദ്ധമാക്കിയത്. പാരംഗ് ആക്രമണത്തിൽ പങ്കെടുത്ത ആളുകളെ അറസ്റ്റ് ചെയ്യാൻ പോലീസ് വിസമ്മതിച്ചിരുന്നു. ഇതോടെ ഇന്തോനേഷ്യയിലെ ഇതര ഭാഗങ്ങളിലും അഹ്മദികൾക്കെതിരായുള്ള ആക്രമണങ്ങൾ വർദ്ധിച്ചു.

നിയമപരമായ രീതിയിൽ കൂടാതെ വ്യത്യസ്ത രാഷ്ട്രീയ നേതാക്കൾക്കിടയിൽ ലോബിയിങ് നടത്താനും ഇന്തോനേഷ്യൻ അഹ്മദിയ്യാ സമൂഹം ആലോചിച്ചിരുന്നു. ഇതിന്റെ ഭാഗമായി പ്രസിഡന്റിനേയും പാർലമെന്റ് അംഗങ്ങളേയും കാണാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമെ ഇതര ന്യൂനപക്ഷ വിഭാഗങ്ങളുമായി സഖ്യങ്ങൾ രൂപീകരിക്കാനും ആലോചനയുണ്ട്. ഇന്തോനേഷ്യൻ ബിഷപ്പ് കോൺഫറൻസ് (KWI) നവീന ഇസ്ലാമിക ശ്രേണി (JIL) എന്നിവയുമായി സഹകരിക്കാനാണ് പദ്ധതി. രണ്ട് ലക്ഷത്തിലധികം അഹ്മദികൾ ഇന്തോനേഷ്യയിലുണ്ടെന്നാണ് കരുതപ്പെടുന്നത്.

## മൗലാനാ മുഹമ്മദ് ഉമർ സാഹിബിനെ അനുമോദിച്ചു

**കണ്ണൂർ സിറ്റി, മെയ് 20:** അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പ്രചാരണവിഭാഗം അഖിലേന്ത്യാ അധ്യക്ഷനായി നിയമിതനായ മൗലാനാ മുഹമ്മദ് ഉമർ സാഹിബിനെ കണ്ണൂർ സിറ്റി ജമാഅത്ത് അനുമോദിച്ചു. ഇതിനായി കണ്ണൂർ സിറ്റി മസ്ജിദിൽ നടത്തിയ യോഗത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്കണ്ണൂർ മേഖലാ അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് അധ്യക്ഷത വഹിച്ചു. മജ്ലിസ് അൻസാറുള്ളായെ പ്രതിനിധാനം ചെയ്ത് പ്രൊഫ. എം. മുഹമ്മദ് സാഹിബ്, ജമാഅത്തിനെ പ്രതിനിധാനം ചെയ്ത് ജനറൽ സെക്രട്ടറി ടി. ശറഫുദ്ദീൻ സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യായ്ക്കു വേണ്ടി ഖാഇദ് പി. ശഫിഅഹ്മദ് സാഹിബ് എന്നിവർ അനുമോദന പ്രസംഗങ്ങൾ നടത്തി. ഇതിനു ശേഷം മൗലാനാ മുഹമ്മദ് ഉമർ സാഹിബ് മറുപടി പ്രസംഗം നടത്തി. പി. ശൗക്കത്ത് അഹ്മദ് സാഹിബ് ഖുർആൻ പാരായണം നടത്തി. കണ്ണൂർ സിറ്റി സ്വദേശിയാണ് മൗലാനാ മുഹമ്മദ് ഉമർ സാഹിബ്.

## ചർച്ചാവേദി സംഘടിപ്പിച്ചു

**മുറിയക്കണ്ണി, മെയ് 14:** നബി(സ) തിരുമേനിക്ക് എതിരായുള്ള ആരോപണങ്ങൾക്ക് മറുപടി പറയാൻ ഖാദീംകളെ പ്രാപ്തരാക്കുക എന്ന ഖലീഫത്തുൽ മസീഹിന്റെ ആഹ്വാനം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ഖുദ്ദാമുൽ അഹ്മദിയ്യാ ഒരു ചർച്ചാവേദി സംഘടിപ്പിച്ചു. മൗലവി ഹിദായത്തുല്ലാ ഖാൻ സഖാഫി സാഹിബ് നിയന്ത്രിച്ച പ്രസ്തുത ചർച്ചയിൽ ഖാദിംകളായ ടി. നൂറുദ്ദീൻ സാഹിബ്, കെ. നൂറുദ്ദീൻ സാഹിബ്, കെ. മൻസൂർ അഹ്മദ് സാഹിബ് എന്നിവർ പങ്കെടുത്തു സംസാരിച്ചു. മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ്, അയമു മാസ്റ്റർ സാഹിബ് എന്നിവർ സംബന്ധിച്ചു.

## വഖാറെ അമൽ നടത്തി

**മുറിയക്കണ്ണി, മെയ് 14:** മുറിയക്കണ്ണി പള്ളിയുടെ മുൻവശത്ത് മതിൽ നിർമ്മിക്കുന്നതിനായി വഖാറെ അമൽ നടത്തുകയുണ്ടായി. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായും, അൻസാറുല്ലായും സംയുക്തമായാണ് ശുചീകരണപ്രവർത്തനം നടത്തിയത്.

**മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, അത്ഫാൽ അഹ്മദിയ്യാ അഖിലേന്ത്യാ ഇജ്തിമാഅ്**

**ഒക്ടോബർ 22, 23, 24 തീയതികളിൽ**

**ഖാദിയാൻ ദാറുൽഅമാനിൽ**

# ഖുർആൻ

"അല്ലാഹു സത്യവിശ്വാസം സ്വീകരിച്ചവരുടെ മിത്രമാകുന്നു. അവൻ അവരെ നാനാതരത്തിലുള്ള അന്ധകാരങ്ങളിൽനിന്നും വിമുക്തരാക്കി പ്രകാശത്തിലേക്ക് നയിക്കുന്നു. അവിശ്വസിച്ചവരാകട്ടെ, അവരുടെ മിത്രങ്ങൾ ദുശക്തികളത്രെ. അവർ അവരെ പ്രകാശത്തിൽനിന്നും അകറ്റി അന്ധകാരങ്ങളിലേക്ക് കൊണ്ടുപോകുന്നു. അക്കൂട്ടർ നരകാവകാശികളാണ്. അവർ അതിൽ ചിരകാല വാസികളായിരിക്കും." (2:258)

# നബിവചനം

സത്യം നന്മയിലേക്ക് നയിക്കുകയും നന്മ സ്വർഗ്ഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ദൈവദൃഷ്ടിയിൽ സത്യവാൻ എന്ന് വിളിക്കപ്പെടുന്നതുവരെ ഒരുവൻ സത്യം പറയുന്നതിൽ ഉറച്ചുനിൽക്കുന്നു. കള്ളം പറയൽ തിന്മയിലേക്ക് നയിക്കുകയും തിന്മ നരകത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ദൈവദൃഷ്ടിയിൽ കള്ളം പറയുന്നവൻ എന്ന് വിളിക്കപ്പെടുന്നതുവരെ ഒരുവൻ കള്ളം പറയുന്നത് തുടർന്നുകൊണ്ടിരിക്കും. (ബുഖാരി)

# യുഗശബ്ദം



മനുഷ്യൻ തന്റെ അറിവില്ലായ്മയും അജ്ഞതയും കൊണ്ട് ഒരു കാര്യത്തിന്നായി ചിലപ്പോൾ ദുആ ചെയ്യുന്നു. അതായത്, തനിക്ക് ഒരുവിധത്തിലും ഗുണപ്രദവും പ്രയോജനകരവുമല്ലാത്ത കാര്യം അവൻ അല്ലാഹുവിൽനിന്ന് ആഗ്രഹിക്കുന്നു. എങ്കിൽപോലും അല്ലാഹു അവന്റെ ദുആ നിഷ്ഫലമാക്കുകയില്ല. മറ്റേതെങ്കിലും വിധത്തിൽ അതവന് പൂർത്തിയാക്കിക്കൊടുക്കുന്നു. ഉദാഹരണത്തിന് നിലം ഉഴുതുന്നതിന് എരുതിനെ ആവശ്യമുള്ള കർഷകൻ രാജാവിനോട് ഒട്ടകത്തെ ചോദിക്കുന്നു. അയാൾക്ക് അപ്പോൾ എരുതിനെ കൊടുക്കുന്നതാണ് ഗുണപ്രദമെന്ന് രാജാവിന്നറിയാം. അയാൾക്ക് എരുതിനെ കൊടുക്കാൻ രാജാവ് കല്പിക്കുന്നു. അപ്പോൾ തന്റെ മൂഢതകൊണ്ട് എന്റെ അപേക്ഷ സ്വീകരിച്ചില്ലായെന്ന് ആ കർഷകൻ പറഞ്ഞാൽ അതയാളുടെ മഠയത്തരവും അറിവില്ലായ്മയുമാണ്. അതാണ് തനിക്ക് ഉത്തമമെന്ന് ചിന്തിച്ചിരുന്നെങ്കിൽ അയാൾക്ക് കാര്യം മനസ്സിലാകുമായിരുന്നു. ഇതുപോലെ തീക്കനൽ കണ്ടിട്ട് ഒരു പൈതൽ തന്റെ മാതാവിനോട് അത് ചോദിച്ചാൽ ദയാലുവും വാത്സല്യനിധിയുമായ മാതാവ് അത് കൊടുക്കാനിഷ്ടപ്പെടുമോ?

ചുരുക്കത്തിൽ ദുആ സ്വീകാര്യത്തെ സംബന്ധിച്ച് ഇങ്ങനെയുള്ള കാര്യങ്ങളും ചില സന്ദർഭങ്ങളിൽ സംഭവിക്കുന്നുണ്ട്. അക്ഷമയോടും ദുർധാരണയോടുംകൂടി പ്രവർത്തിക്കുന്നവർ വാസ്തവത്തിൽ തങ്ങളുടെ ദുആയെ സ്വയം നിഷ്ഫലമാക്കുകയാണ് ചെയ്യുന്നത്. ചിലപ്പോൾ ദുആ സ്വീകാര്യത്തിന് കാലവിളംബം സംഭവിക്കാറുണ്ട്. ബനൂഇസ്രായീൽ നാല്പത് വർഷംവരെ വിശുദ്ധഭൂമിയിൽ പ്രവേശിക്കുന്നതിൽനിന്ന് പിന്തള്ളപ്പെട്ടതിന്റെ കാരണം അതാണ്.

ഇനി മറ്റൊരു സംശയം ദൂരീകരിക്കേണ്ടത് അനിവാര്യമായി ഞാൻ മനസ്സിലാക്കുന്നു. മുത്തഖികളുടെ ചില ദുആകളും അവരുടെ ഇഷ്ടാനുസൃതം പ്രത്യക്ഷത്തിൽ പൂർത്തിയാകുന്നില്ലെന്നുള്ളതാണത്. ഇതെന്തുകൊണ്ടാണ്. വാസ്തവത്തിൽ അവരുടെ ദുആകളൊന്നുംതന്നെ നഷ്ടത്തിലായിപ്പോകുന്നില്ലെന്ന കാര്യം നാം ഓർമ്മിക്കണം. പക്ഷേ, മനുഷ്യൻ അദൃശ്യകാര്യങ്ങളറിയുന്നില്ല. അവനിൽ ഏതുനിലക്കാണ് ആ ദുആയുടെ ഫലം പ്രതിഫലിക്കാൻ പോകുന്നതെന്ന് അവനറിയില്ല. അല്ലാഹു അങ്ങേയറ്റം കാരുണ്യത്തോടും പൂർണ്ണ ദയയോടുംകൂടി തന്റെ ദാസന് സൽഫലമുളവാക്കുന്ന നിലയിലേക്ക് അവൻ ചെയ്യുന്ന ദുആയെ മാറ്റുന്നതാണ്. ഏതുപോലെയെന്നാൽ അറിവില്ലാത്ത കുട്ടി പാമ്പിനെ ഭംഗിയുള്ളതും മിനുസമുള്ളതുമായ വസ്തുവായി മനസ്സിലാക്കി പിടിക്കാൻ തയ്യാറാവുകയോ അഗ്നി ജ്വലിക്കുന്നത് കണ്ടിട്ട് തന്റെ മാതാവിനോട് അത് ചോദിക്കുകയോ ചെയ്യുന്നതുപോലെ. ആ മാതാവ് എത്ര അറിവില്ലാത്തവളാണെങ്കിലും തന്റെ കുഞ്ഞ് പാമ്പിനെ പിടിക്കുന്നതോ അവന്റെ ഇഷ്ടപ്രകാരം തീക്കനൽ അവന്റെ കയ്യിൽ വച്ചുകൊടുക്കുന്നതോ ഇഷ്ടപ്പെടുമോ? ഒരിക്കലുമില്ല. കാരണം അതവന്റെ ജീവിതത്തിന് ഹാനി വരുത്തുമെന്ന് അവർക്കറിയാം. അപ്പോൾ അദൃശ്യകാര്യങ്ങളറിയുന്നവനും സർവ്വജ്ഞനും വാത്സല്യനിധിയുമായ മാതാവിനേക്കാൾ കൂടുതൽ ദയാലുവും ഉദാരമതിയുമായ അല്ലാഹു അവന്റെ ഇഷ്ടദാസൻ തന്റെ ബലഹീനതയും വീഴ്ചയും അജ്ഞതയും നിമിത്തം തനിക്ക് ആഘാതമുണ്ടാക്കുന്ന എന്തെങ്കിലും കാര്യത്തിനുവേണ്ടി ദുആ ചെയ്താൽ അതുടനെയങ്ങ് സ്വീകരിക്കുന്നതെങ്ങനെ? സ്വീകരിക്കുകയില്ല. (മൽഫൂസാത്ത്)

(5-ാം പേജിൽനിന്ന്)




ളിൽ അഭിമാനത്തിന്റെ പൂത്തിരി ഉയർന്നു. അവിടെ എത്തിച്ചേർന്ന സമീപ ജമാഅത്തിലെ അൻസാർ സഹോദരന്മാർ അത് കണ്ട് ആശ്വാസത്തിന്റെ നെടുവീർപ്പുകളുതിർക്കുന്നുണ്ടായിരുന്നു. അഹ്മദിയ്യത്തിന്റെ സന്ദേശവാഹകരായ യുവനിരയാണ് അവരെ ആശ്വാസം കൊള്ളിച്ചതെന്ന് വ്യക്തം.

പതാകയുടെ കാവൽക്കാരായി ഖാദിംകൾ അതിനു ചുറ്റും നിലയുറപ്പിച്ചതോടെ മറ്റുള്ളവർ ഉദ്ഘാടന ചടങ്ങ് നടക്കുന്ന വേദിയിലും സദസ്സിലുമെത്തി. മലപ്പുറം മേഖലാ അമീർ മുഹമ്മദലി മാസ്റ്റർ സാഹിബാണ് ഉദ്ഘാടനചടങ്ങ് നിയന്ത്രിച്ചത്. കണ്ണൂർ, പാലക്കാട്, എറണാകുളം, കോഴിക്കോട് മേഖലാ അമീർമാരും വേദിയിൽ എത്തിയിരുന്നു. കരുനാഗപ്പള്ളി മജ്ലിസിലെ സാബിത് അഹ്മദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ഉദ്ഘാടനവേദി സജീവമായി. അദ്ദേഹം പാരായണം ചെയ്ത ആയത്തുകളുടെ അർത്ഥം മുഹമ്മദ് സഫാൻ സാഹിബ് സദസ്സിനെ കേൾപ്പിച്ചു. സൗത്ത് ഇലാഖാ ഖാഇദ് ടി.കെ. അബൂബക്കർ സാഹിബ് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർന്ന് കൊടിയത്തൂർ മജ്ലിസിലെ ഷാജഹാൻ അലി സാഹിബ് ഉർദു പദ്യം ആലപിച്ചു. സദസ്സ് നിശ്ശബ്ദമായി അദ്ദേഹത്തിന്റെ കർണ്ണാനന്ദമായ പദ്യം ആസ്വദിച്ചു. അതിന്റെ മലയാള അർത്ഥം മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ് കേൾപ്പിക്കുകയും ചെയ്തു.

തുടർന്ന് നോർത്ത് ഇലാക്ക ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് ഖാദിംകളെ അഭിസംബോധന ചെയ്തു. ഇജ്തിമായിൽ പങ്കെടുത്തുകൊണ്ട് ചെലവഴിക്കുന്ന സമയം ആത്മീയതയിലധിഷ്ഠിതമായി വിനിയോഗിക്കണമെന്ന് ആഹ്വാനം ചെയ്ത അദ്ദേഹം കുട്ടികളിൽ ആത്മീയത ജ്വലിപ്പിക്കുന്ന തരത്തിലുള്ള ഉപദേശങ്ങൾ നൽകാൻ ഖാദിംകളെ ഉപദേശിക്കുകയുമുണ്ടായി.

കേരള ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബായിരുന്നു തുടർന്ന് സംസാരിച്ചത്. പ്രകൃതിയിൽ കാണുന്ന ഉറുമ്പുകളേയും തേനീച്ചകളേയും ഉദാഹരിച്ചുകൊണ്ടാണ് അദ്ദേഹം പ്രസംഗം ആരംഭിച്ചത്. അവയുടെ ചലനാത്മകമായ അവസ്ഥയും കൂട്ടായ്മയും സത്യവിശ്വാസികളുടേതിന് തുല്യമാണെന്നും അത് ഖാദിംകൾ സ്വായത്തമാക്കണമെന്നും അദ്ദേഹം പറഞ്ഞു. അലസത കൈവെടിഞ്ഞുകൊണ്ട് ഒത്തൊരുമിച്ച് പ്രവർത്തിക്കുമ്പോഴാണ് നമ്മുടെ അന്തിമലക്ഷ്യം പ്രാപ്യമാവുകയെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.




അല്ലാഹുവുമായി സുദൃഢബന്ധം സ്ഥാപിക്കുന്നതിന് ദുആ മുറുകെ പിടിക്കണമെന്ന ആഹ്വാനത്തോടെയാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്. വേദിയിലെത്തിച്ചേർന്ന മേഖലാ അമീർമാരായ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ്, എം.എ. മുഹമ്മദ് സാഹിബ്, പ്രൊഫ. അബ്ദുൽ കരീം സാഹിബ് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി.

ഉദ്ഘാടന ചടങ്ങിന്റെ അവസാനം അധ്യക്ഷൻ മുഹമ്മദലി മാസ്റ്റർ സാഹിബിന്റെ പ്രഭാഷണമായിരുന്നു. മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ജനങ്ങളിലെത്തിക്കേണ്ട ബാധ്യത ഏറ്റവും കൂടുതലായുള്ളത് യുവാക്കൾക്കാണെന്ന് പറഞ്ഞ അദ്ദേഹം അതിന് തയ്യാറാവാഞ്ഞാൽ ദൈവസന്നിധിയിൽ ചോദ്യം ചെയ്യപ്പെടുമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു. ഇതര സമൂഹം നമ്മുടെ ജീവിതം എന്നും ശ്രദ്ധിക്കുന്നുണ്ടെന്നും അതിനാൽ ഖാദിംകളുടെ മാതൃകാപരമായ ജീവിതത്തിന് ജമാഅത്തിനെ വളർത്താൻ സാധിക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി. ദുആയോടെ ഉദ്ഘാടന ചടങ്ങ് അവസാനിച്ചു. അപ്പോഴേക്കും ഹുസൂർ തിരുമനസ്സിന്റെ ഖുത്ബ കേൾക്കാനുള്ള സമയമെത്തിക്കഴിഞ്ഞിരുന്നു.

ഖുത്ബ വലിയ സ്ക്രീനിൽ കാണാനുള്ള സംവിധാനം നേരത്തേ തന്നെ തയ്യാറാക്കപ്പെട്ടിരുന്നു. എല്ലാവരും കാലത്തിന്റെ ഖലീഫയുടെ വാക്കുകൾ ശ്രവിക്കാനായി ഇരുന്നു. മൗലവി നാസിർ അഹ്മദ് സാഹിബ് ഖുത്ബ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. തുടർന്ന് സദർ സാഹിബിന്റെ റെക്കോർഡ് ചെയ്ത പ്രഭാഷണം കേൾപ്പിക്കപ്പെട്ടു. അതിന്റെ പരിഭാഷ മൗലവി മുഹമ്മദ് ശരീഫ് സാഹിബ് കേൾപ്പിച്ചു.

ഖാദിംകൾക്കും അത്ഫാലുകൾക്കും പ്രത്യേകം

(ശേഷം 7-ാം പേജിൽ)

(4-ാം പേജിൽ നിന്ന്)

ഖലീഫയിൽനിന്നുണ്ടാകുന്ന ഓരോ ആഹ്വാനത്തിലും ആദ്യം സ്വയം പങ്കെടുക്കുകയും പിന്നീട് ജമാഅത്തിനെ ഉപദേശിക്കുകയുമാണ് ചെയ്തിരുന്നത്. മരിക്കുന്നതിന് കുറച്ചു ദിവസം മുമ്പേ എനിക്ക് എഴുതിയിരുന്നു: 'ഞാൻ ഖിലാഫത്ത് ജൂബിലിക്കായി ഒരു ലക്ഷം രൂപ വാഗ്ദാനം ചെയ്തിരുന്നു. അത് എന്റെ ഓർമ്മയിൽ ഉണ്ടായിരുന്നില്ല. അൽഹംദലില്ലാഹ്. എനിക്കിപ്പോൾ തക്കസമയത്ത് അതോർമ്മ വന്നു. ഞാനിന്ന് അതടച്ചു തീർക്കുകയും ചെയ്തു.' അങ്ങേയറ്റം ക്ഷമ ചോദിച്ചുകൊണ്ടുള്ള ഒരു കത്തായിരുന്നു അത്. വഫാത്താകുന്നതിന് കുറച്ച് ദിവസം മുമ്പേ ഈ കണക്കും ശരിയാക്കിക്കൊണ്ടാണ് പോയത്. വസിയ്യത്തിന്റെ കണക്കും അപ്പപ്പോൾ ശരിയാക്കിവെച്ചിരുന്നു. തന്റെ ജീവിതത്തിൽ തന്നെ ഭൂസ്വത്തുക്കളുടെ കണക്കും ശരിയാക്കി കഴിഞ്ഞിരുന്നു. 1/9-ലാണ് വസിയ്യത്ത് ചെയ്തിരുന്നത്.

ഖിലാഫത്തിൽനിന്ന് എന്തെങ്കിലും കല്പനയുണ്ടാകുകയോ, നിർദ്ദേശം ലഭിക്കുകയോ ചെയ്താൽ ഉടനെ അതുപോലെതന്നെ അത് നടപ്പിൽ വരുത്തിയിരുന്നു. എന്തെങ്കിലും കാര്യം മനസ്സിലായില്ലെങ്കിൽ അതിന്റെ വിശദീകരണവും തേടി ചിലർ നടക്കുന്നതുപോലെ അല്ലെങ്കിൽ സ്വന്തം ഇഷ്ടത്തിന് അത് വ്യാഖ്യാനിച്ച് നടപ്പിൽ വരുത്തുന്നതുപോലെയായിരുന്നില്ല. ഖലീഫയുടെ ഉദ്ദേശ്യം എന്താണെന്ന് ക്ഷണത്തിൽ മനസ്സിലാക്കിയിരുന്നു.

അല്ലാഹു തആല ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഈ മകന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

(ഖുത്ബ, 4.5.07)

(5-ാം പേജിൽ നിന്ന്)

വുകളേക്കാളും പ്രധാനം അദ്ദേഹത്തിന് ദൈവികഭാഷണം സിദ്ധിച്ചിരുന്നു എന്നുള്ളതാണ്. ഇംഗ്ലണ്ടിലേക്ക് തബ്‌ലീഗിന്നായി ബോംബെയിൽ നിന്നും കടൽമാർഗ്ഗമാണ് അദ്ദേഹം യാത്രതിരിച്ചത്. കപ്പലിൽ കയറിയ ഉടനെതന്നെ അദ്ദേഹം തന്റെ ദൗത്യം നിർവ്വഹിക്കാനാരംഭിക്കുകയുണ്ടായി. അതിന്റെ ഫലമായി യാത്രയ്ക്കിടയിൽ തന്നെ ചിലർ അഹ്മദിയ്യത്ത് സ്വീകരിക്കുകയുണ്ടായി.

ഈ യാത്രയ്ക്കിടയിൽ മുഫ്തി സാഹിബിന് കുറച്ച് പണത്തിന്റെ ആവശ്യമുണ്ടായി. കപ്പലിലാണെങ്കിൽ അദ്ദേഹത്തിന് പണം ആവശ്യപ്പെടുന്നതിനായി ഒരു സുഹൃത്തുപോലുമുണ്ടായിരുന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ ആവശ്യം അല്ലാഹു തക്കസമയത്ത് നിറവേറ്റിക്കൊടുക്കുകയുണ്ടായി. കപ്പൽ അടുത്ത തുറമുഖത്ത് അടുത്തയുടനെ ഒരു അഹ്മദി സഹോദരൻ അദ്ദേഹത്തെ കാണാനെത്തുകയും തിരിച്ചുപോകുമ്പോൾ കുറച്ച് പണം നൽകുകയും ചെയ്തു. അദ്ദേഹത്തിന് ആവശ്യമുള്ള തുക തന്നെയാണ് ആ സഹോദരൻ നൽകിയത് എന്ന് അത് നോക്കിയപ്പോൾ അദ്ദേഹത്തിന് മനസ്സിലായി.

ഇതേ യാത്രയ്ക്കിടയിൽ അല്ലാഹുവിന്റെ മറ്റൊരു ദൃഷ്ടാന്തവുമുണ്ടായി. യാത്ര ആരംഭിക്കുമ്പോൾതന്നെ സുരക്ഷിതമായി ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുമെന്നുള്ള ദൈവികവാഗ്ദാനം അദ്ദേഹത്തിന് ലഭ്യമായിരുന്നു. ഒരുവേള കപ്പൽ മുങ്ങുന്നു എന്ന മുന്നറിയിപ്പ് ഉണ്ടായി. യാത്രക്കാർ ഭയപ്പെടുകയും എന്തു ചെയ്യുമെന്നറിയാതെ ബഹളം വയ്ക്കാൻ ആരംഭിക്കുകയും ചെയ്തു. മുഫ്തി സാഹിബ് ഭയലേശമന്യെ സഹയാത്രികരോട് ഇങ്ങനെ പറഞ്ഞു. ആരും ഭയപ്പെടേണ്ടതില്ല. ഈ കപ്പൽ മുങ്ങില്ലായെന്ന് ദൈവം എന്നോട് പറഞ്ഞിരിക്കുന്നു. വാഗ്ദത്ത മസീഹ്(അ)ന്റെ ഒരു സേവകൻ ഇതിൽ യാത്ര ചെയ്യുന്നിനാലാണത്. അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു.

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ) തന്റെ ജീവിതം മുഴുവനായും ഇസ്‌ലാമിന്റെ സേവനത്തിനായി ഉഴിഞ്ഞുവെച്ചയാളാണ്. വാഗ്ദത്ത മസീഹ്(അ)ന് ഏറെക്കുറേ പ്രിയപ്പെട്ട ഒരു വ്യക്തിയായിരുന്നു അദ്ദേഹം. രണ്ടാം ഖലീഫ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പ്രൈവറ്റ് സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിരുന്നു.

## പിന്നിട്ട നാളുകൾ

# മുഹമ്മദ് സലീംസാഹിബ്, കൊടുങ്ങല്ലൂർ

തയ്യാറാക്കിയത് - ശംസുദ്ദീൻ



സലീം സാഹിബ് ബുക്ക് സ്റ്റാളിനടുത്തെത്തി. അവിടെ ഒരാൾ ഇരിക്കുന്നുണ്ട്. (സി.വി. മുഹമ്മദ് സാഹിബായിരുന്നു അവിടെ ഉണ്ടായിരുന്നത്) സലീം സാഹിബ് സലാം പറഞ്ഞു. 'അസ്സലാമുഅലൈക്കും'.

അപരിചിതനായ ഒരു യുവാവ് കടന്നുവന്ന് സലാം പറഞ്ഞപ്പോൾ സി.വി. മുഹമ്മദ് സാഹിബിന് അത്ഭുതം. ഉടനെ അദ്ദേഹം സലാം മടക്കി. "വ അലൈക്കുമുസ്സലാം'' സലീം സാഹിബിന് തൃപ്തിയായി. മറുപടി കൃത്യം തന്നെ. 'ഇവരുടെ സലാം പറയലും മടക്കലും ഇസ്‌ലാമികം തന്നെ.' അദ്ദേഹം മനസ്സാ പറഞ്ഞു.

ഉടനെ മുഹമ്മദ് സാഹിബ് അദ്ദേഹത്തെ ക്ഷണിച്ചിരുത്തി. ചായ കൊണ്ടുവരപ്പെട്ടു. അവർ തമ്മിൽ സംസാരിച്ചു. പതിയെ സലീം സാഹിബ് വന്നകാര്യം പറഞ്ഞു. "ഒരു മുബാഹല നോട്ടീസ് ഞാൻ കാണാനിടയായി. അത് ഞാൻ വായിച്ചു. എനിക്കൊരുപാട് കാര്യങ്ങൾ അറിയാനുണ്ട്."

മുഹമ്മദ് സാഹിബ് ഉഷാറായി. തബ്‌ലീഗ് ചെയ്യാനുള്ള അവസരമല്ലേ അതദ്ദേഹം ഉപയോഗപ്പെടുത്താനുറച്ചു.

സലീം സാഹിബ് ചോദിച്ചു. "മഹ്ദി, റസൂൽ(സ)ന്റെ സുന്നത്തനുസരിച്ചാണോ ജീവിച്ചത്?"

''അതെ.'' മുഹമ്മദ് സാഹിബ് മറുപടി നൽകി.

"അദ്ദേഹത്തിന്റെ ജീവചരിത്രം മലയാളത്തിലുണ്ടോ?'' അടുത്ത ചോദ്യം.

മുഹമ്മദ് സാഹിബ്: ''ജീവചരിത്രം മലയാളത്തിൽ തയ്യാറാകുന്നതേയുള്ളൂ.''

സലീം സാഹിബ്: "അദ്ദേഹം എഴുതിയ വല്ല ഗ്രന്ഥവും?"

മുഹമ്മദ് സാഹിബ്: "ഉണ്ടല്ലോ. ഒന്നല്ല, ധാരാളമുണ്ട്."

ഉടൻ മുഹമ്മദ് സാഹിബ് ഇസ്‌ലാംമത തത്ത്വജ്ഞാനമെടുത്തു നല്കി. അത് കയ്യിൽ വാങ്ങിയ സലീം സാഹിബ് ഒന്നു പരുങ്ങി. "ഇതിന്റെ വില നൽകണം. പക്ഷേ, എന്തു ചെയ്യും? പണമില്ല." അദ്ദേഹം മനസ്സിൽ വിഷമം കടിച്ചമർത്തിക്കൊണ്ടിരുന്നു. ഒടുവിൽ കാര്യം പറഞ്ഞു. "എന്റെ കയ്യിൽ പണമില്ല. ഒന്നു വായിച്ചു തിരിച്ചുനൽകിയാൽ പോരേ?"

മുഹമ്മദ് സാഹിബ് അത് സലീം സാഹിബിന് നൽകി. അതുമായി നേരെ കൊടുങ്ങല്ലൂരിലേക്ക് ബസ്സ് കയറി. യാത്രയ്ക്കിടെ പരിസരംപോലും മറന്ന് അദ്ദേഹം വായന ആരംഭിച്ചു. അറിയാതെ കരഞ്ഞുപോയി. അദ്ദേഹത്തിന്റെ മനസ്സ് മന്ത്രിച്ചു.

"ഒന്നുമറിയാതെ എന്റെ മനസ്സ് ആദ്യം മുതൽക്കു തന്നെ അന്വേഷിച്ചുകൊണ്ടിരുന്നത് ഇതുതന്നെ. ഇതിന്റെ കർത്താവ് കാലത്തിന്റെ ഇമാംതന്നെ. സംശയമില്ല."

ഇതോടെ സലീം സാഹിബ് കോഴിക്കോട് അഹ്മദിയ്യാ ബുക്ക് സ്റ്റാളിലെ ഒരു നിത്യസന്ദർശകനായി, രഹസ്യമായി.

ഇതിനിടെ ബയ്ത്തുൽ ഖുദ്ദൂസ് കണ്ടു. സലീം സാഹിബ് അതുവരെ പള്ളി ശ്രദ്ധിച്ചിരുന്നില്ല. പള്ളിയിൽ കയറി അഹ്മദികളുടെ നമസ്കാരം എങ്ങനെയെന്നറിയാനായി പിന്നത്തെ ശ്രമം. അദ്ദേഹം പള്ളിക്കുള്ളിലെത്തി. മറ്റുള്ളവർ നമസ്കരിക്കുന്നത് ആദ്യമൊന്ന് ശ്രദ്ധിച്ചു. "ഇല്ല ഒരു മാറ്റവുമില്ല. നമസ്കാരവും ഒരുപോലെ. സലീം സാഹിബ് അതോടെ ജമാഅത്തായുള്ള നമസ്കാരത്തിൽ പങ്കുചേർന്നു. നമസ്കാരം കഴിഞ്ഞപ്പോൾ അവിടെയുണ്ടായിരുന്ന മൗലവി അലവി സാഹിബിനെ കണ്ടു. അദ്ദേഹവുമായി സംസാരിച്ചു.

"ഇനി ജുമുഅ എങ്ങനെയെന്നറിയണം'' സലീം സാഹിബ് തീരുമാനിച്ചു. അതിന്നായി ഒരിക്കലദ്ദേഹം ബയ്ത്തുൽ ഖുദ്ദൂസിലെത്തി. ജുമുഅയിൽ പങ്കെടുത്തു. അതോടെ സലീം സാഹിബ് അന്വേഷണം നിർത്തി. അഹ്മദിയാകാൻ തീരുമാനമെടുത്തു. ബയ്അത്ത് ചെയ്തുതരാനായി അദ്ദേഹം ആവശ്യമുന്നയിച്ചു. അഹ്മദികൾ ഉടനെ അദ്ദേഹത്തെ ഓർമ്മിപ്പിച്ചു. ''കോളിളക്കമുണ്ടാകും പ്രതിസന്ധിയുണ്ടാകും.'' പക്ഷേ, സലീം സാഹിബ് എന്തിനും തയ്യാറായിക്കഴിഞ്ഞിരുന്നു. ഒടുവിൽ 1989 സെപ്തംബർ 30-ന് ളുഹർ നമസ്കാരത്തിനുശേഷം മൗലവി അലവി സാഹിബിന്റെ കയ്യിൽ ബയ്അത്ത് ചെയ്തു. ബയ്അത്തിനു ശേഷം അദ്ദേഹം പൊട്ടിക്കരഞ്ഞു. എല്ലാവരും ആലിംഗനം ചെയ്തപ്പോൾ അദ്ദേഹത്തിന് മസീഹിന്റെ സ്നേഹം ലഭ്യമായ അനുഭൂതി.

സലീം സാഹിബ് താൻ അഹ്മദിയായ വിവരം തന്റെ അതുവരെയുള്ള പ്രസ്ഥാനത്തിന്റെ പ്രസിഡന്റിനെ അറിയിച്ചു പോരാൻ തീരുമാനിച്ചു. അതിനായി അദ്ദേഹം സിമി ഓഫീസിലെത്തി. അപ്പോഴവിടെ കക്കോടിയിൽനിന്നും ഏതാനും ചെറുപ്പക്കാർ എത്തിച്ചേർന്നിരുന്നു. പ്രസംഗത്തിനായി സലീം സാഹിബിനെ ക്ഷണിക്കാനാണവരെത്തിയത്. അദ്ദേഹം പലതും പറഞ്ഞ് ഒഴിഞ്ഞുമാറി. അന്ന് പ്രസിഡന്റ് വന്നില്ല. സലീം സാഹിബ് അവിടെതന്നെ അന്തിയുറങ്ങി. പിറ്റേന്ന് രാവിലെ പ്രസിഡന്റിന്റെ- എ.പി. അബ്ദുൽ വഹാബിന്റെ- വീട്ടിലെത്തി. അദ്ദേഹം സലീം സാഹിബിനെ പല തവണ വീട്ടിലേക്ക് ക്ഷണിച്ചതാണ്. പക്ഷേ പോകാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോഴാണ് അത് സാധിച്ചത്. പക്ഷേ, അത് അഹ്മദിയായതിനുശേഷം.

പ്രസിഡന്റിന് സലീം സാഹിബിനെ കണ്ടപ്പോൾ സന്തോഷമായി. പ്രാതൽ കൊണ്ടുവരപ്പെട്ടു. പക്ഷേ, പ്രാതലിനു മുമ്പേതന്നെ കാര്യം പറയാൻ സലീം സാഹിബ് തീർച്ചപ്പെടുത്തി. മുറിയുടെ വാതിലടച്ച് സലീം സാഹിബ് പറഞ്ഞു. "ഞാൻ അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നു. അത് കഴിഞ്ഞാണ് ഇവിടെ വരുന്നത്. ഒന്ന് പറഞ്ഞിട്ടുപോകാമെന്ന് കരുതി." ഇതു കേട്ട പ്രസിഡന്റ് പൊട്ടിക്കരയാൻ തുടങ്ങി. സലീം സാഹിബും കരഞ്ഞുപോയി. അദ്ദേഹം ചോദിച്ചു. "സലീം നിങ്ങൾ ആലോചിച്ചുതന്നെയാണോ ഇത് ചെയ്തത്." അതെ. മറുപടി വന്നു.

"ഒരാഴ്ചത്തേക്ക് ഈ കാര്യം പുറത്തുപറയരുത്." പ്രസിഡന്റിന്റെ ആവശ്യം.

"ഇല്ല. പക്ഷേ, ആരെങ്കിലും ചോദിച്ചാൽ കളവ് പറയുകയുമില്ല.'' സലിം സാഹിബ് വാക്കുനൽകി.

സലീം സാഹിബ് അവിടെനിന്നും കൊടുങ്ങല്ലൂരിലുള്ള സ്വന്തം വസതിയിലെത്തി. അവിടെയെത്തിയപ്പോഴാണ് ഒരാഴ്ചത്തെ അവധിയുടെ കാര്യം മനസ്സിലായത്. ഒന്നിനു പിറകെ മറ്റൊന്നായി ജമാഅത്തെ ഇസ്‌ലാമി പണ്ഡിതന്മാരെത്തി. എൻ.എം. ഹുസൈൻ, ഇ.എം. അബ്ദുർറഹ്മാൻ, കുഞ്ഞുമുഹമ്മദ് പുലവത്ത്... അങ്ങനെ പലരും. സലീം സാഹിബിനോട്

*(ശേഷം 8-ാം പേജിൽ)*

# കോഴിക്കോട് എക്സിബിഷനും വൻവിജയം

**കോഴിക്കോട്:** കണ്ണൂർ എക്സിബിഷന്റെ തകർപ്പൻ വിജയത്തിനുശേഷം കോഴിക്കോട് ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് നടത്തിയ എക്സിബിഷനും മതരംഗത്ത് ഏറെ ചലനങ്ങളുണ്ടാക്കി. കേരള ഇമാം കൗൺസിൽ എക്സിബിഷനെതിരെ പത്ര സമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായി. അൽഖുർആൻ എക്സിബിഷൻ അനിസ്‌ലാമികമാണെന്നും ഖാദിയാനികൾ മുസ്‌ലിംകളെ തെറ്റിദ്ധരിപ്പിക്കാനുറച്ച് നീങ്ങുകയാണെന്നും പ്രസ്താവനയിറക്കിയ അവർ എക്സിബിഷൻ കാണുന്നത് ഒഴിവാക്കണമെന്ന് ആഹ്വാനം ചെയ്യുകയുമുണ്ടായി. മറ്റൊരു സംഘടനയായ തിരൂരിലെ 'ഇസ്‌ലാമിക് ഇൻഫർമേഷൻ സെൽ' എക്സിബിഷനെതിരെ വിപുലമായി നോട്ടീസ് അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തു. ഇത്രയൊക്കെ ചെയ്തിട്ടും അറിയാനുള്ള ജനങ്ങളുടെ ആകാംക്ഷയെ തടഞ്ഞുനിർത്താനായില്ല. ഓരോ ദിവസവും ശരാശരി 500 പേർ പ്രദർശനം കാണാനെത്തി. സ്ത്രീകളും പിന്നിലായിരുന്നില്ല. പ്രദർശനം കണ്ട് മടങ്ങുന്നവരുടെ സംശയങ്ങൾ തീർക്കാനായി ഒരുക്കിയ സ്റ്റാളുകളിൽ പലരും എത്തി. അവിടെ മൗലവിമാരും മറ്റുള്ളവരും സംശയനിവാരണം നടത്തി. ലജ്നാംഗങ്ങൾ സ്ത്രീകളുടെ സംശയങ്ങൾ ദൂരീകരിച്ചുകൊടുത്തു. നിരവധി അഹ്മദിയ്യാ സാഹിത്യങ്ങൾ വിറ്റഴിക്കപ്പെട്ടു. ഇതിനുപുറമെ വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖകളും വ്യാപകമായി വിതരണം ചെയ്തിട്ടുണ്ട്.

പ്രദർശനനഗരിയിൽ പ്രശ്നങ്ങളുണ്ടാക്കി അലങ്കോലപ്പെടുത്താനുള്ള ശ്രമവും ചിലപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ട്. പക്ഷേ, ജമാഅത്തിലെ മുതിർന്നവരുടെ നയപരമായ ഇടപെടലും ഖാദിംകളുടെ സജീവ സാന്നിധ്യവും അതിന് ഇടനൽകിയില്ല.

# ശ്രീലങ്ക അഹ്മദിയ്യാ പള്ളിയിൽ അക്രമികൾ അതിക്രമിച്ചു കയറി

**കൊളംബോ:** ശ്രീലങ്കയിലെ നഗോങ്കോ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന അഹ്മദിയ്യാ മുസ്‌ലിം പള്ളിയിലേക്ക് അഞ്ഞൂറോളം ആളുകൾ ആക്രമണം നടത്തുകയും അതിക്രമിച്ച് കയറുകയും ചെയ്തു. അറുപതോളം അഹ്മദികൾ അപ്പോഴവിടെ നമസ്കാരം അനുഷ്ഠിക്കുകയായിരുന്നു. പോലീസ് സമയോചിതമായ നടപടികളിലൂടെ അക്രമികളെ ബലം പ്രയോഗിച്ച് പുറത്താക്കി.

ശ്രീലങ്കയിൽ രണ്ടായിരത്തിലധികം മുസ്‌ലിം പള്ളികളുണ്ട്. എല്ലാ പള്ളികളിലും ജമാഅത്തിന്നെതിരിൽ ഖുത്‌ബ കൊടുക്കുകയും ജനങ്ങളെ ജമാഅത്തിന്നെതിരിൽ ഇളക്കിവിടുകയും ചെയ്തിരുന്നു. അടുത്തകാലത്തായി ശ്രീലങ്കയിൽ പാക്കിസ്ഥാനിൽനിന്നുള്ള മുല്ലമാർ പ്രകോപനം സൃഷ്ടിച്ചുവരികയാണ്.

*(6-ാം പേജിൽ നിന്ന്)*

പ്രത്യേകം മത്സരവേദികളാണുണ്ടായിരുന്നത്. ആദ്യദിനം ഖുർആൻ പാരായണ മത്സരം നടത്തപ്പെട്ടു. പ്രസ്തുത മത്സരത്തിനു ശേഷം ലഭിച്ച ഇടവേളയിൽ മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് തർബിയ്യത്ത് ക്ലാസ്സ് നൽകി. മങ്ങിയ വെളിച്ചത്തിൽ ഹാളിന് പുറത്ത് പുൽത്തകിടിയിലാണ് ക്ലാസ് നടത്തിയത്. അതോടെ ഒന്നാം ദിവസത്തെ പരിപാടികൾക്ക് തിരശ്ശീല വീണുകഴിഞ്ഞിരുന്നു.

28-ന് രാവിലെ തഹജ്ജുദ് നമസ്കാരത്തോടെ രണ്ടാം ദിവസത്തെ പരിപാടികൾക്ക് തുടക്കമായി. അറബി, ഉർദു, മലയാള പദ്യപാരായണം, പ്രസംഗം, സംഘഗാനം, ഖുത്ബ, ജനറൽ ക്വിസ്സുകൾ എന്നീ മത്സരങ്ങൾ നടത്തപ്പെട്ടു. 28-ന് വൈകുന്നേരം നടത്തിയ ചർച്ചാക്ലാസ് വളരെയേറെ ശ്രദ്ധിക്കപ്പെടുകയുണ്ടായി. നബി(സ) തിരുമേനിക്കെതിരിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ആക്ഷേപങ്ങൾക്ക് മറുപടി നൽകുന്നതിനായി ഖാദിംകളെ തയ്യാറാക്കണമെന്ന് ഹുസൂർ ആവശ്യപ്പെട്ടിരുന്നു. അതിനുള്ള ഒരു തുടക്കമാണ് ചർച്ചാവേദിയിലൂടെ ഒരുക്കിയത്. മൗലവി നാസിർ അഹ്മദ് സാഹിബ് നേതൃത്വം നൽകിയ ചർച്ചയിൽ ബി.ബി. അഹ്മദ് കബീർ സാഹിബ്, പള്ളുരുത്തി നൗഷാദ് സാഹിബ്, ഇ.എച്ച്. നജീബ് സാഹിബ്, പി. ശഫി അഹ്മദ് സാഹിബ്, ഡോ. സലാഹുദ്ദീൻ സാഹിബ്, ടി.കെ. അബൂബക്കർ സാഹിബ് എന്നിവർ പങ്കെടുത്തു. ചർച്ചാവേദിയുടെ പ്രസീഡിയത്തിൽ മൗലവിമാരായ മുഹമ്മദ് ഇസ്മായീൽ സാഹിബ്, ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ്, എച്ച്. ശംസുദ്ദീൻ സാഹിബ് എന്നിവരുണ്ടായിരുന്നു. ഖുത്ബ ക്വിസിന് മൗലവി അൻസാർ സാഹിബാണ് നേതൃത്വം നൽകിയത്. കരുനാഗപ്പള്ളി മജ്‌ലിസിലെ കലീം അഹ്മദ് സാഹിബാണ് അത്ഫാലിന്റേയും ഖുദ്ദാമിന്റേയും ജനറൽ ക്വിസുകൾ നടത്തിയത്. ആധുനിക സംവിധാനങ്ങളുപയോഗിച്ച് അദ്ദേഹം നടത്തിയ പ്രസ്തുത പരിപാടി വിജ്ഞാനപ്രദവും കൗതുകകരവുമായിരുന്നു. ഖുദ്ദാം വിഭാഗത്തിന്റെ ജനറൽ ക്വിസ് മത്സരത്തോടെ ഇജ്തിമാ മത്സരങ്ങൾ സമാപിച്ചു.

തുടർന്ന് സമാപന സമ്മേളനം നടത്തപ്പെട്ടു. എറണാകുളം മേഖലാ അമീർ ബി.ബി.അഹ്മദ് കബീർ സാഹിബ് അധ്യക്ഷം വഹിച്ച സമാപന സമ്മേളനം സാബിത് അഹ്മദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. ഡോ. സലാഹുദ്ദീൻ സാഹിബ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അബ്ദുൽ ഹാദി മഞ്ചേരി പദ്യം ചൊല്ലി. തുടർന്ന് സൗത്ത് ഇലാക്കാ ഖാഇദ് ടി.കെ. അബൂബക്കർ സാഹിബ് സദസ്സിനെ അഭിസംബോധന ചെയ്തു. ബി.ബി. അഹ്മദ് കബീർ സാഹിബ് തന്റെ സമാപന പ്രസംഗത്തിൽ സമൂഹത്തിന് സേവനം ചെയ്യുന്നവരായിരിക്കാൻ ഖാദിംകൾ തയ്യാറായിരിക്കണമെന്ന് പറഞ്ഞു. സമൂഹത്തിൽ ഇന്ന് കാണുന്ന മാലിന്യങ്ങളിലകപ്പെടാതെ ജീവിതം നയിക്കാൻ ഖാദിംകൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. വിജയികൾക്കുള്ള സമ്മാനങ്ങൾ ബി.ബി. അഹ്മദ് കബീർ സാഹിബ്, ഡോ. സലാഹുദ്ദീൻ സാഹിബ്, ടി.കെ. അബൂബക്കർ സാഹിബ്, മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് എന്നിവർ വിതരണം ചെയ്യുകയുണ്ടായി. ദുആയോടെ രാത്രി 9 മണിക്ക് 2007-ലെ ഇജ്തിമാക്ക് പരിസമാപ്തിയായി.



റബ്‌വ പട്ടണത്തിന്റെ ഒരു വിദൂര വീക്ഷണം



ഹദ്റത്ത് മിയാൻ സാഹിബ് കണ്ണൂർ സന്ദർശിച്ച വേളയിൽ സിറ്റി മസ്ജിദ് സംഘടിപ്പിച്ച ഒരു യോഗത്തിൽ സംബന്ധിക്കുന്നു. എൻ. അബ്ദുർ റഹീം സാഹിബ്, അഡ്വ. തൻവീർ അഹ്മദ് സാഹിബ്, മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, എ. പി. കുഞ്ഞാമു സാഹിബ് എന്നിവരാണ് സമീപം.

## വോളിബോൾ: കൂടാളി മജ്‌ലിസ് കണ്ണൂർ മേഖലാ ചാമ്പ്യൻ

**കണ്ണൂർ ടൗൺ, മെയ് 20:** കണ്ണൂർ മേഖലാ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ നടത്തിയ വോളിബോൾ ടൂർണ്ണമെന്റിൽ കൂടാളി മജ്‌ലിസ് ചാമ്പ്യന്മാരായി. കണ്ണൂർ ടൗൺ മജ്‌ലിസിനെയാണ് ഫൈനലിൽ അവർ പരാജയപ്പെടുത്തിയത്. കണ്ണൂർ ടൗൺ മസ്ജിദ് ഗ്രൗണ്ടിൽ മെയ് 15-ന് ഡോ. ബി. അബ്ദുല്ലാ സാഹിബ് ടൂർണ്ണമെന്റ് ഉദ്ഘാടനം ചെയ്തു. കണ്ണൂർ സിറ്റി, കണ്ണൂർ ടൗൺ, കൂടാളി, പഴയങ്ങാടി, കടലായി മജ്‌ലിസുകളും മേഖലാ അൻസാറുല്ലാ ടീമും ടൂർണ്ണമെന്റിൽ പങ്കെടുത്തു. മെയ് 20-ന് നടന്ന ഫൈനലിനുശേഷം വിജയികൾക്കുള്ള ട്രോഫി മജ്‌ലിസ് അൻസാറുല്ലാ നാസിം പി.പി. നാസിറുദ്ദീൻ സാഹിബ് നൽകി. കണ്ണൂർ ടൗൺ മജ്‌ലിസിലെ നസിൻ നിസാറിനെ ടൂർണ്ണമെന്റിലെ മികച്ച കളിക്കാരനായി തിരഞ്ഞെടുത്തു. പഴയങ്ങാടിയിലെ സഫീർ ഫെയർ പ്ലേയർക്കുള്ള സമ്മാനം നേടി. കണ്ണൂർ സിറ്റി മജ്‌ലിസിന് ഫെയർപ്ലേ ട്രോഫി ലഭിച്ചു.



*ചാമ്പ്യന്മാർക്കുള്ള ട്രോഫി പി.പി.നാസിറുദ്ദീൻ സാഹിബിൽ നിന്ന് കൂടാളി ഖാഇദ് നസീം അഹ്മദ് സാഹിബ് ഏറ്റുവാങ്ങുന്നു.*

*(7-ാം പേജിൽ നിന്ന്)*

അവർ പറഞ്ഞു. "ഇനി നബി വരില്ലായെന്ന് അറിയില്ലേ?"

സലീം സാഹിബ്: "അതിന് ഖുർആനിക ആയത്ത് തെളിവായിട്ടുണ്ടോ?"

പണ്ഡിതൻ: 'വരുമെന്നതിന് ആയത്തുണ്ടോ?'

സലീം സാഹിബ്: 'ഉണ്ട്. ഒന്നല്ല, നിരവധി.'

അതും പറഞ്ഞ് സലീം സാഹിബ് ഒരായത്ത് ഓതി. അതിന്റെ അർത്ഥം പറഞ്ഞു. ഇനിയും ആയത്തുകൾ ഓതാമെന്നുകൂടി പറഞ്ഞപ്പോഴേക്കും വന്നവർ വിളറി. പണ്ഡിതൻ തടിയൂരാനായി പറഞ്ഞു. "നമ്മളൊക്കെതന്നെ റസൂൽമാരല്ലേ?" ഇതുകേട്ടപ്പോൾ പണ്ഡിതന്റെ കൂടെയുള്ളവർ അന്തംവിട്ടു. അവർ സ്ഥലംവിടുകയും ചെയ്തു.

സലീം സാഹിബ് വിവരം ഭാര്യയെ ധരിപ്പിച്ചു. ഇതിനിടെ സലീം ഖാദിയാനിയായെന്ന വിവരം കാട്ടുതീപോലെ പടർന്നു. ഭാര്യാവീട്ടിൽ നേരത്തേതന്നെ പ്രശ്നമായിരുന്നു. അതിപ്പോൾ പാരമ്യതയിലെത്തി. അവർ പറഞ്ഞു. "അവനിപ്പോൾ ദീനുമില്ല ദുൻയാവുമില്ല." ഭാര്യയോട്- അവന്റെ കൂടെ പോകേണ്ട എന്നും പറഞ്ഞു.

ഭാര്യയെ സംരക്ഷിക്കാൻ സിമിക്കാർ തയ്യാറായി. സാധനങ്ങളൊക്കെ വീട്ടിലെത്തിച്ചു. പക്ഷേ, അല്പകാലത്തേക്കുമാത്രം. സലീം സാഹിബ് പല പണിയുമെടുത്തു. ചിപ്സ് വിതരണം നടത്തി, വണ്ടി വലിച്ചു. അങ്ങനെ പലതും. അതിനിടെ യൂസുഫ് സാഹിബിനേയും കൂടെ കിട്ടി. അവർ കൊച്ചിയിൽ പോകാൻ തീരുമാനിച്ചു. പക്ഷേ, യൂസുഫ് സാഹിബ് നിശ്ചയിച്ച ദിവസം എത്തിയില്ല. (അദ്ദേഹത്തെ എൻ. എം. ഹുസൈൻ കൊണ്ടുപോയതാണെന്ന് പിന്നീടാണറിഞ്ഞത്) സലീം സാഹിബ് കാക്കനാടെത്തി. അവിടെ ജോലിയാരംഭിച്ചു. ഇതിനിടയിൽ ഭാര്യയുടെ കത്ത് കിട്ടി. നാട്ടിലെത്താനാണ് കത്ത്. സലീം സാഹിബ് ഭാര്യയെ കൊണ്ടുവരാനായി കൊടുങ്ങല്ലൂരിലെത്തി. അദ്ദേഹം നാട്ടിലെത്തുന്ന വാർത്ത പരന്നുകഴിഞ്ഞിരുന്നു.

സലീം സാഹിബ് വീട്ടിലെത്തി. അവിടെ വരാന്തയിൽ കയറി നമസ്കരിച്ചു. നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ മാമയുടെ അനുജൻ (അദ്ദേഹമൊരു പോക്കിരിയാണ്) എത്തി. സിമിക്കാർ അയച്ചതാണ്. നമസ്കാരം കണ്ട അയാൾ ഒന്നും ചെയ്യാതെ തിരിച്ചുപോയി. ഇതിനിടെ തൃശ്ശൂരിൽവെച്ച് മർദ്ദനവും ഏല്ക്കേണ്ടിവന്നു. ഭാര്യയും അഹ്മദിയായി.

ഉടനെ ജീവിതം വഖ്ഫ് ചെയ്ത് ഹുസൂറിന് കത്തെഴുതി. ഉർദു പഠിക്കാനുള്ള ആഗ്രഹം മനസ്സിൽ ചേക്കേറി.

ഇതിനിടെ കോഴിക്കോടെത്തി. അവിടെ അമീർ സാഹിബിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ സംഘടന നാഇബ് ഖാഇദുമായിരുന്നിട്ടുണ്ട്.

ഖാദിയാനിലേക്ക് പോകാനുള്ള ആഗ്രഹം വർദ്ധിച്ചു. അങ്ങനെ ആറുമാസത്തേക്ക് അതിനുള്ള അനുവാദം ലഭ്യമായി. ഭാര്യയേയും ഒപ്പം കൊണ്ടുപോകാൻ തീരുമാനിച്ചു. അമീർ സാഹിബിന്റെ അനുവാദവും വാങ്ങി. റെയിൽവേ സ്റ്റേഷനിൽ നിരവധി അഹ്മദികൾ പലതരം ഭക്ഷണവുമായി യാത്രയയ്ക്കാനെത്തിയിരുന്നു. ഖാദിയാനിൽ മൗലവി അബൂബക്കർ സാഹിബ്, സൈനുദ്ദീൻ സാഹിബ് എന്നിവർ സലീം സാഹിബിനെ ഏറെ സഹായിച്ചിട്ടുണ്ട്. ആറുമാസം കടന്നുപോയി. തിരിച്ചുവരുന്നതിന്റെ ദുഃഖം അദ്ദേഹത്തെ അലോസരപ്പെടുത്തി. ദുആ ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ തിരിച്ചുവരേണ്ട ദിവസത്തിന് തൊട്ടുമുമ്പ് ഹുസൂറിന്റെ സന്ദേശമെത്തി. സകുടുംബം 2 വർഷം ഖാദിയാനിൽ മുഅല്ലിം കോഴ്സിന് പഠിക്കാനുള്ളഅനുവാദമായിരുന്നു സന്ദേശം. സലീം സാഹിബ് അവിടെ തുടർന്നു. പഠനം കഴിഞ്ഞപ്പോൾ നിയമനം ആന്ധ്രയിൽ. ഇന്നദ്ദേഹം അവിടെ സർക്കിൾ ഇൻചാർജായി പ്രവർത്തിക്കുന്നു.

കൊടുങ്ങല്ലൂരിലെ ആദ്യ അഹ്മദി, ആദ്യ പ്രസിഡന്റ്, കൊടുങ്ങല്ലൂർക്കാരനായ ആദ്യമുഅല്ലിം എന്നീ സ്ഥാനം അദ്ദേഹത്തിന് സ്വന്തമാണ്. ഭാര്യ മറിയം സാഹിബ, മകൾ സെൽമ എന്നിവർ ആന്ധ്രയിൽ സലീം സാഹിബിനൊപ്പം തന്നെ കഴിയുന്നു. മകൻ മുഹമ്മദ് സാലി ഇപ്പോൾ ഖാദിയാനിൽ പഠിക്കുന്നു.

## ഖുദ്ദാം അത്ഫാൽ സംസ്ഥാന ഇജ്തിമ 2007 വിജയികളുടെ പേരുവിവരങ്ങൾ

**അത്ഫാൽ ജൂനിയർ:-**

| | |
|---|---|
| ഖുർആൻ പാരായണം:- | 1. ബാസിൽ അഹ്മദ്ശംസ്, മുറിയക്കണ്ണി |
| | 2. സൽമാൻ ഫാരിസ്, പഴയങ്ങാടി |
| | 3. ഇബ്റാഹീം, കൊടിയത്തൂർ |
| അറബിഗാനം | 1. സൽമാൻഫാരിസ്, പഴയങ്ങാടി |
| | 2. തഖ്‌വ ഹുസൈൻ, മാത്ര |
| | 3. മിർസ ഇസ്മയിൽ, ആലപ്പുഴ |
| ഉർദു പദ്യം | 1. സൽമാൻ ഫാരിസ്, പഴയങ്ങാടി |
| | 2. തഖ്‌വ ഹുസൈൻ, മാത്ര |
| | 3. അമീറുദ്ദീൻ, കമ്പളക്കാട് |
| മലയാള പദ്യം | 1. ഇബ്റാഹിം, കൊടിയത്തൂർ |
| | 2. ബശീറുദ്ദീൻ ശംസ്, മുറിയക്കണ്ണി |
| | 3. അമീറുദ്ദീൻ, കമ്പളക്കാട് |

**അത്ഫാൽ സീനിയർ**

| | |
|---|---|
| ഖുർആൻ പാരായണം | 1. മുബശ്ശിർ അഹ്മദ്, പള്ളിപ്പുറം |
| | 2. അദ്നാൻ, പത്തപ്പിരിയം |
| | 3. അബ്ദുൽ ഹാദി, മഞ്ചേരി |
| അറബിപദ്യം | 1. അബ്ദുൽഹാദി, മഞ്ചേരി |
| | 2. മാർജാൻ, കോഴിക്കോട് |
| | 3. നിസാം ബദർ, കൂടാളി |
| ഉർദു പദ്യം | 1. അബ്ദുൽഹാദി, മഞ്ചേരി |
| | 2. സുഹൈൽ, പഴയങ്ങാടി |
| | 3. അദ്നാൻ, പത്തപ്പിരിയം |
| മലയാള പദ്യം | 1. സെയ്ത് അഹ്മദ്, കോഴിക്കോട് |
| | 2. മുസ്‌ലീഹുദ്ദീൻ, കരുളായി |
| | 3. അബ്ദുൽഹാദി, മഞ്ചേരി |
| പ്രസംഗം | 1. ആദിൽഅലി, കരുളായി |
| | 2. നസീം അഹ്മദ്, മുറിയക്കണ്ണി |
| | 3. നിസാർ അഹ്മദ്, ചേലക്കര |
| സംഘഗാനം | 1. കടലായി മജ്‌ലിസ് |
| | 2. കോഴിക്കോട് മജ്‌ലിസ് |
| | 3. പാലക്കാട് മേഖല |
| ജനറൽ ക്വിസ്സ് | 1. കണ്ണൂർസിറ്റി മജ്‌ലിസ് |
| | 2. പത്തപ്പിരിയം മജ്‌ലിസ് |
| | 3. കരുനാഗപ്പള്ളി മജ്‌ലിസ് |
| കയ്യെഴുത്തുമാസിക | 1. മാത്തോട്ടം മജ്‌ലിസ് |
| | 2. കണ്ണൂർസിറ്റി മജ്‌ലിസ് |
| | 3. കണ്ണൂർ ടൗൺ മജ്‌ലിസ് |

**ഖുദ്ദാം**

| | |
|---|---|
| ഖുർആൻ പാരായണം | 1. സാബിത് അഹ്മദ്, കരുനാഗപ്പള്ളി |
| | 2. നസൽ അഹ്മദ്, കൂടാളി |
| | 3. മുബാഹിൽ അഹ്മദ്, കാക്കനാട് |
| അറബിപദ്യം | 1. സാബിത് അഹ്മദ്, കരുനാഗപ്പള്ളി |
| | 2. നദീം അഹ്മദ്, കൂടാളി |
| | 3. നിശാദ്, കാക്കനാട് |
| ഉർദുപദ്യം | 1. ഷാജഹാൻ അലി, കൊടിയത്തൂർ |
| | 2. നദീം അഹ്മദ്, കൂടാളി |
| | 3. മുഹ്സിൻ അഹ്മദ്, മാത്തോട്ടം |
| മലയാളപദ്യം | 1. സാബിത് അഹ്മദ്, കരുനാഗപ്പള്ളി |
| | 2. മുഹ്സിൻ അഹ്മദ്, മാത്തോട്ടം |
| | 3. ശംസീർസലീം, പാലക്കാട് |
| പ്രസംഗം | 1. മുഹമ്മദ് സഫ്ഫാൻ, കാക്കനാട് |
| | 2. മുബാറക്ക് അഹ്മദ്, മഞ്ചേരി |
| | 3. നസീർ ഹുസൈൻ, കോഴിക്കോട് |
| പ്രബന്ധം | 1. മുസഫർ അഹ്മദ്.ടി, കണ്ണൂർസിറ്റി |
| | 2. സജിൻ നിസാർ, കണ്ണൂർ ടൗൺ |
| ഖുത്ബ ക്വിസ് | 1. കോഴിക്കോട് മജ്‌ലിസ് |
| | 2. പഴയങ്ങാടി മജ്‌ലിസ് |
| | 3. കാക്കനാട് മജ്‌ലിസ് |
| ജനറൽ ക്വിസ് | 1. കണ്ണൂർ സിറ്റി മജ്‌ലിസ് |
| | 2. പഴയങ്ങാടി മജ്‌ലിസ് |
| | 3. കോഴിക്കോട് മജ്‌ലിസ് |
| സംഘഗാനം | 1. മാത്തോട്ടം മജ്‌ലിസ് |
| | 2. പഴയങ്ങാടി മജ്‌ലിസ് |
| | 3. കോഴിക്കോട് മജ്‌ലിസ് |
| ചുമർപത്രിക | 1. കണ്ണൂർ സിറ്റി മജ്‌ലിസ് |
| | 2. മാത്തോട്ടം മജ്‌ലിസ് |
| | 3. കടലായി മജ്‌ലിസ് |
| വ്യക്തിഗത ചാമ്പ്യൻ:- | അത്ഫാൽ ജൂനിയർ- സൽമാൻഫാരിസ്, പഴയങ്ങാടി |
| | സീനിയർ- അബ്ദുൽഹാദി, മഞ്ചേരി |
| | ഖുദ്ദാം : സാബിത് അഹ്മദ്, കരുനാഗപ്പള്ളി |
| മജ്‌ലിസ് ചാമ്പ്യൻ: | കണ്ണൂർ സിറ്റി മജ്‌ലിസ് |
| മേഖലാ ചാമ്പ്യൻ: | കണ്ണൂർ മേഖല |

Published by Dr. Salahudheen, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - T. Sharafudheen, Editor - Shamsudheen, Kannur.